# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 10 Issue - 2 February 2021



## പ്രായമായവരെ അറിയുക

പേജ് 15

വില 20 രൂപ

# എല്ലാവരും വിശ്വാസികളോ?

ദൈവം ഉണ്ടെന്നു വിശ്വസിക്കുന്നവരെ ഈശ്വര വിശ്വാസികളായാണ് പൊതുവെ കാണുന്നത്. ദൈവം ഉണ്ടെന്നു അംഗീകരിക്കുന്ന എല്ലാവർക്കും ദൈവത്തെക്കുറിച്ചുള്ള അറിവില്ല എന്നതാണ് വാസ്തവം. ദൈവവുമായി അവർക്കു യാതൊരു ബന്ധവുമില്ല എന്നതാണ് കാരണം. ദൈവത്തെക്കുറിച്ചുള്ള തെറ്റായ അറിവുകൾ അന്ധവിശ്വാസത്തിനും, അവ അനാചാരങ്ങൾക്കും കാരണമായിട്ടുണ്ട്. ശരിയായ ദൈവവിശ്വാസത്തിന്റെ അടിത്തറ ദൈവത്തെ ശരിയായി അറിയുന്നതാണ്.ദൈവം തങ്ങൾക്കു ആരാണെന്നുള്ളത് ദൈവത്തെ അറിയുന്നവർ തിരിച്ചറിയുന്നു. ദൈവത്തെ സ്രഷ്ടാവും ഉടയവനുമാണെന്നു തിരിച്ചറിയുന്നവർക്കു ദൈവത്തിന്റെ പരമാധികാരത്തിനു കീഴ്പെടുവാൻ കഴിയുന്നു. ദൈവം പിതാവാണെന്നു തിരിച്ചറിയുന്നവർക്കു ദൈവത്തിന്റെ സ്നേഹവും കരുതലും മനസിലാക്കുവാൻ ഇടയാകും. ഇപ്രകാരം ദൈവത്തെ അറിയുംതോറും ദൈവത്തിലുള്ള വിശ്വാസത്തിനു വളർച്ചയും ഉറപ്പും ഉണ്ടാകുന്നു.

ദൈവം ഉണ്ടെന്നു വിശ്വസിക്കുന്നതുകൊണ്ടു മാത്രം ഒരുവനെ വിശ്വാസി എന്ന് പറയുവാൻ കഴിയുമോ? പിശാചുക്കളും ദൈവം ഏകനെന്നു വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു എന്നാണ് യാക്കോബ് 2: 19 ൽ പറയുന്നത്. ദൈവം ഉണ്ടെന്നും, ദൈവം ഏകനാണെന്നും പിശാചുക്കൾക്കു നല്ല ബോധ്യമുണ്ടെങ്കിലും, ആ വിശ്വാസം അവരിൽ ക്രിയാത്മകമാകുന്നില്ല എന്നതിലാണ് അവർ പിശാചുക്കൾ ആയിരിക്കുന്നതു. ദൈവത്തിലുള്ള വിശ്വാസം ഒരുവനിൽ പ്രാവർത്തികമാകുമ്പോൾ അതിന്റെ പ്രതിഫലനം ആ വ്യക്തിയുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടാകും. ഈ സത്യത്തെ വിശദീകരിക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. ദൈവത്തിലുള്ള വിശ്വാസം നമ്മിൽ ഓരോരുത്തരിലും പ്രവർത്തനനിരതമായി പ്രതിഫലിച്ചു യഥാർത്ഥ വിശ്വാസികളായി ശോഭിക്കുവാൻ നമ്മുടെ സമർപ്പണവും അനുസരണവും ആവശ്യമാണ്. ക്രിസ്തീയ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന കഷ്ടതകൾ ദൈവീക പരിശീലനത്തിന്റെ ഭാഗമാണെന്നു സാജു മാത്യുവിന്റെ ലേഖനം വ്യക്തമാക്കുന്നു. മറ്റാരേക്കാളും എന്തിനേക്കാളും അധികമായി യേശുവിനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്ന യഥാർത്ഥ ക്രിസ്തു ശിഷ്യന്മാരാണ് സുവിശേഷീകരണത്തിന്റെ ലക്ഷ്യമെന്ന് നന്നായി പ്രതിപാദിക്കുന്ന ലേഖനമാണ് ഡേവിഡ് വിൽക്കേഴ്സന്റേത്. ആത്മിക വർദ്ധനവിന് ഉതകുന്നതാണ് മറ്റെല്ലാ ലേഖനങ്ങളും. ഇന്ന് അനേക ക്രിസ്ത്യാനികളും വേറെ ഒരു നിവൃത്തിയും ഇല്ലാതെ വരുമ്പോഴാണ് ദൈവത്തിങ്കലേക്കു നോക്കുന്നത്. സ്വയം പരിഹരിക്കാം എന്ന വ്യാമോഹത്തിൽ തങ്ങളുടെ പ്രശ്നങ്ങളുമായി അവർ തനിയെ മല്ലുപിടിക്കയും തങ്ങൾക്കു തന്നെ മന:ക്ലേശത്തിനും മോഹഭംഗത്തിനും കാരണക്കാരായിത്തീരുകയും ചെയ്യുന്നു. എന്നാൽ അവരുടെ സ്വർഗ്ഗസ്ഥ പിതാവിന് അവരെ സഹായിക്കാൻ ആഗ്രഹം ഉണ്ടെന്നും അവരുടെ പ്രശ്നങ്ങളെ അപ്പോഴപ്പോൾ ദൈവസന്നിധിയിൽ കൊണ്ടുചെല്ലുന്നതു അവിടുത്തേക്ക് ഏറ്റവും പ്രസാദകരവുമാണെന്നുള്ള കാര്യം അവർ മറന്നുകളയുന്നു. അങ്ങനെ ഒരു നിവൃത്തിയുമില്ലാതെ വരുമ്പോൾ മാത്രമാണ് ദൈവത്തിൽ ആശ്രയിക്കുന്നത്, ഇത് എത്രയോ സങ്കടകരമാണ്. ആകയാൽ പ്രിയ സഹോദരങ്ങളെ നിങ്ങൾ തനിയെ നിങ്ങളുടെ ഭാരങ്ങളും പ്രശ്നങ്ങളുമായി മല്ലടിച്ചു ക്ലേശിക്കുന്നതു എന്തിന്? സ്വർഗീയ പിതാവിന്റെ തിരുസന്നിധിയിലേക്ക് അടുത്തു ചെല്ലുക. അതല്ലാതെ മറ്റു മാർഗമില്ല എന്ന് അനുഭവത്തിൽ മനസിലാക്കുന്നതിന് മുൻപ് എന്തുകൊണ്ട് ആദ്യം തന്നെ ദൈവ തിരുസന്നിധിയിലേക്കു അടുത്തു വന്നു കൂടാ?

പ്രത്യാശയോടെ സ്വർഗ്ഗ കാനനിലേക്കു ഉത്സാഹഭരിതരായി യാത്ര തുടരുവാൻ ഈ ലേഖനങ്ങൾ സഹായകമാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം വായനക്കാർക്കായി സമർപ്പിക്കുന്നു.

പുസ്തകം 10 ലക്കം 2
ഫെബ്രുവരി 2021

# ഈ ലക്കത്തിൽ

**വിശ്വാസം ജീവിതത്തിൽ പ്രതിഫലിക്കുന്നു** 4
ജോയ് എം. തോമസ്

**കഷ്ടതയുടെ പരിശീലനക്കളരി** 7
സാജു മാത്യു

**സുവിശേഷീകരണത്തിന്റെ ലക്ഷ്യം** 9
ഡേവിഡ് വിൽക്കേഴ്സൺ

**നിനവേയിലെ ആളുകൾ** 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**കൃപയുടെ കർത്തൃത്വം; നീതിയുടെ അടിമത്തം** 13
ചെയ്സ് ജോസഫ്

**പ്രായമായവരെ അറിയുക** 15
ജെസ്സി സാജു

**വാർത്താവീഥി** 18

**അടുക്കും ചിട്ടയും** 19
എൽസി ജോയ്

**വനിതാ വീഥി** 21
ബിൻസി സജി ജോർജ്

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**കഷ്ടങ്ങളിലെ ആശ്വാസം** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00



ജോയ് എം. തോമസ്

# വിശ്വാസം ജീവിതത്തിൽ പ്രതിഫലിക്കുന്നു

ഏക സത്യദൈവത്തിലുള്ള വിശ്വാസമാണ് ക്രിസ്തീയ വിശ്വാസം. ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവവുമായുള്ള ഒരാത്മബന്ധം ആരംഭിക്കുന്നു. ഈ ആത്മബന്ധത്തിന്റെ വളർച്ചയാണ് വിശ്വാസത്തിന്റെ ദൃഢത ആയിരിക്കുന്നത്. ഏതൊരു വ്യക്തിയുടെയും വിശ്വാസം അദ്ദേഹത്തിന്റെ ജീവിത്തിലെ എല്ലാ മേഖലകളിലും പ്രതിഫലിക്കും എന്നത് ഒരു യാഥാർത്ഥ്യമാണ്. അതിൽ ചില മേഖലകളെ യാക്കോബിന്റെ ലേഖനപശ്ചാത്തലത്തിൽ നിന്നും മനസ്സിലാക്കുവാൻ നമുക്ക് ശ്രമിക്കാം.

**1. വിശ്വാസവും പരീക്ഷയും:**

ലോകത്തിൽ നാം നേരിടുന്ന എല്ലാ കഷ്ടങ്ങളും നമുക്കുള്ള പരീക്ഷകളാണ്. പഠിക്കുന്ന വിദ്യാർത്ഥിക്ക് പരീക്ഷ വിജയകവാടമാണെങ്കിൽ അലസന് തോൽവിക്കുള്ള മുഖാന്തിരമായിരിക്കുമല്ലോ. അതുപോലെ നമ്മുടെ പരീക്ഷകളിലും ഇതേ മനോഭാവം തന്നെ ആയിരിക്കണം ഉണ്ടാകേണ്ടത്. പരീക്ഷകളെ ഭയപ്പെടേണ്ടതില്ല, പ്രത്യുത നേരിടുകയും വിജയം കൈവരിക്കുകയും ആണ് കരണീയം.

ഉദ്ദിഷ്ട സ്ഥാനത്തെത്തുമ്പോഴത്തെ സന്തോഷം ഓർക്കുമ്പോഴാണ് യാത്രയിലെ ക്ലേശങ്ങളെ സഹിക്കുന്നതിനു നാം പ്രാപ്തരാകുന്നത്. അതുപോലെ നമ്മുടെ ജീവിതയാത്രയയിൽ നേരിടുന്ന ക്ലേശങ്ങളെ സഹിക്കുവാനും ധീരതയോടെ അവയെ തരണം ചെയ്യുവാനും നമ്മെ പ്രാപ്തരാക്കുന്നത് നമ്മുടെ ലക്ഷ്യ സ്ഥാനമായ കർതൃസന്നിധിയിൽ നാം എത്തിച്ചേരും എന്നതിലുള്ള അതീവ സന്തോഷം നിമിത്തമാണ്. ഈ പ്രത്യാശ ഇല്ലാത്തവർക്ക് പ്രതികൂലങ്ങൾ സമ്മാനിക്കുന്നത് നിരാശ മാത്രമായിരിക്കും.

പ്രിയസഹോദരങ്ങളെ, ഞാൻ ചോദിക്കട്ടെ; കർത്താവിന്റെ അടുക്കൽ എത്തിച്ചേരുവാനുള്ള സന്തോഷത്തോടെ ആണോ ഈ ജീവിത യാത്രയിൽ നിങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നത്? ഈ ലോകത്തിൽ മാത്രം അവസാനിക്കുന്ന നേട്ടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു മുന്നോട്ടു പോയാൽ അത് മഹാഭോഷത്വം ആയിരിക്കും; കാരണം നിത്യതയിൽ ഇങ്ങനെയുള്ളവർക്കു പ്രതീക്ഷിക്കുവാൻ ഒന്നുമില്ലല്ലോ. എന്നാൽ നിത്യതയിൽ നേട്ടങ്ങളെ മുന്നിൽ കാണാൻ ഉണ്ടെങ്കിൽ ഈ താത്കാലിക ലോകത്തിലെ ക്ലേശങ്ങളിൽ നാം

**പരീക്ഷകളെ ഭയപ്പെടേണ്ടതില്ല, പ്രത്യുത നേരിടുകയും വിജയം കൈവരിക്കുകയും ആണ് കരണീയം. ഉദ്ദിഷ്ട സ്ഥാനത്ത് എത്തുമ്പോഴത്തെ സന്തോഷം ഓർക്കുമ്പോഴാണ് യാത്രയിലെ ക്ലേശങ്ങളെ സഹിക്കുന്നതിനു നാം പ്രാപ്തരാകുന്നത്.**

**വചനം കേൾക്കുന്നതിലോ, വായിക്കുന്നതിലോ മാത്രം തൃപ്തിപ്പെടരുത്. അല്ല, അത് പഠിച്ചു അറിവ് വർധിപ്പിക്കുന്നതിലും തൃപ്തരാകരുത്; കാരണം അത് സ്വയവഞ്ചനയായിത്തീരും. നാം വചനത്തിനു വിധേയപ്പെടുകയും സമർപ്പിക്കുകയും അനുസരിക്കുകയുംചെയ്യേണ്ടതാണ്.**

തളരേണ്ടതില്ല. നാം പ്രിയം വച്ചിരിക്കുന്ന കർത്താവും തന്നോടൊപ്പമുള്ള അവസാനമില്ലാത്ത സൗഭാഗ്യ കാലങ്ങളും നമുക്ക് മുൻപിൽ ഉണ്ടല്ലോ. ഈ സൗഭാഗ്യ കാലത്തെക്കുറിച്ചുള്ള സന്തോഷം ഇന്നത്തെ നമ്മുടെ ക്ലേശങ്ങളെ സാരമില്ല എന്ന് എണ്ണുവാൻ നമ്മെ പ്രാപ്തരാക്കും.

അതുകൊണ്ടു യാക്കോബ് നമ്മെ പ്രബോധിപ്പിക്കുന്നു, 'എന്റെ സഹോദരന്മാരെ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞു അത് അശേഷം സന്തോഷം എന്ന് എണ്ണുവീൻ '(യാക്കോബ് 1: 2,3).

വിശ്വാസത്തിന്റെ പരിശോധനയെ സന്തോഷം എന്ന് എണ്ണുവാൻ നമുക്ക് കഴിയുന്നുണ്ടോ? അതോ അത് വെറും നിരാശയ്ക്കും ദുഖത്തിനും മാത്രം കാരണമായിത്തീർന്നുവോ? ദൈവത്തിലുള്ള നമ്മുടെ വിശ്വാസം പ്രതിഫലിക്കുന്ന ഒരു മേഖലയാണിത്. പരിശോധനകളിൽ നമ്മുടെ വിശ്വാസം തീയിൽ ശുദ്ധീകരിക്കപ്പെട്ട പൊന്നു പോലെ തിളക്കം ആർജ്ജിക്കുന്നുവോ? നമുക്ക് സ്വയം ശോധന ചെയ്യാം.

**2. വിശ്വാസവും ദൈവവചനവും:**

ദൈവവചനം കേട്ടതിനാലാണ് നമ്മിൽ വിശ്വാസം ആവിർഭവിച്ചത്.'വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു' (റോമർ 10:17). ആ വചനത്താലാണ് നമ്മിൽ വീണ്ടും ജനനം പരിശുദ്ധാത്മാവ് സാധ്യമാക്കിയത് (യാക്കോബ് 1:18, 1 പത്രോസ് 1:23). അതേ ദൈവവചനം തന്നെയാണ് നമ്മുടെ ആത്മിക വളർച്ചയ്ക്കുള്ള സമീകൃത ആഹാരം ആയിരിക്കുന്നത്(യാക്കോബ് 1:21, 1 പത്രോസ്2:3).

നമുക്ക് ദൈവവചനത്തോടുള്ള സമീപനം എപ്രകാരമാണ്? വചനം കേൾക്കുന്നതിലോ, വായിക്കുന്നതിലോ മാത്രം തൃപ്തിപ്പെടരുത്. അല്ല, അത് പഠിച്ചു അറിവ് വർധിപ്പിക്കുന്നതിലും തൃപ്തരാകരുത്; കാരണം അത് സ്വയവഞ്ചനയായിത്തീരും. നാം വചനത്തിനു വിധേയപ്പെടുകയും സമർപ്പിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതാണ്. ദൈവത്തിനു നമ്മോടുള്ള കല്പനകളും, ദൈവഹിതത്തിന്റെ വെളിപ്പാടുകളും ആണ് ദൈവവചനം നമുക്ക് നൽകുന്നത്. ആ ചിന്തയോടും വിശ്വാസത്തോടും കൂടിയായിരിക്കണം വചനം കേൾക്കേണ്ടതും വായിക്കേണ്ടതും പഠിക്കേണ്ടതുമെല്ലാം. അത് നമ്മുടെ ജീവിതത്തിൽ അനുസരിച്ചു അനവർത്ഥമാക്കുമ്പോൾ നമ്മുടെ സ്വഭാവം രൂപപ്പെടുന്നു. ക്രിസ്തുവിന്റെ സ്വരൂപത്തോടു നാം അനുരൂപപ്പെടുന്നു. ദൈവവചനം അനുസരിക്കുന്നതിനുള്ള നമ്മുടെ തീരുമാനവും സമർപ്പണവും ആണ് പരീക്ഷകളിൽ വിജയത്തിലേക്ക് നടത്തുന്നത്. സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടു ജീവിക്കുകയല്ല നാം ചെയ്യേണ്ടത്, പ്രത്യുത ദൈവവചനത്തോട് പൊരുത്തപ്പെടുകയാണ് വേണ്ടത് (യാക്കോബ് 1 : 22 25).

**3. വിശ്വാസവും സമീപനവും:**

യാക്കോബ് തന്റെ ലേഖനത്തിൽ നഖശിഖാന്തം എതിർക്കുന്ന ഒരു തിന്മയാണ് ' മുഖപക്ഷം കാണിക്കുക' എന്നത്. ഇതിന്റെ വേരോട്ടം നമ്മിൽ എല്ലാവരിലും ഉണ്ടെന്നുള്ളതാണ് വാസ്തവം. നാം ജീവിക്കുന്ന സമൂഹത്തിൽ പല നിലകളിലുള്ള ചേരിതിരിവുകൾ ഉണ്ട്. മതം, ഭാഷ, ജാതി, സാമ്പത്തികനിലവാരം, വിദ്യാഭ്യാസം, ജോലിനിലവാരം, നിറം, സൗന്ദര്യം, തുടങ്ങി പലതുകൊണ്ടും ഈ സമൂഹത്തിൽ വിവേചനം ഉണ്ട്. സമൂഹത്തിലെ വിവിധ പശ്ചാത്തലത്തിൽ നിന്നുള്ളവരാണ് സഭയാം കുടുംബത്തിലുള്ളത്. സമൂഹത്തിൽ നിലവിലുള്ള ഈ വിവേചനം ഒരു രൂപത്തിലും സഭയ്ക്കുള്ളിൽ കടക്കുവാൻ പാടുള്ളതല്ല.

യാക്കോബ് ഉപദേശിക്കുന്നു, 'സഹോദരന്മാരെ തേജസുള്ളവനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുത്'(യാക്കോബ് 2: 1). ക്രിസ്തുവിലുള്ള വിശ്വാസം നമ്മുടെ സമീപന രീതിയിൽ പ്രതിഫലിക്കണം. മുഖപക്ഷമില്ലാതെ, എല്ലാവരെയും ഒരുപോലെ അംഗീകരിക്കുവാനും ബഹുമാനിക്കുവാനും കഴിയുന്ന നിഷ്കളങ്ക മനോഭാവമാണ് ദൈവീക വിശ്വാസത്തിൽ നിന്നും

ഉരുത്തിരിയേണ്ടത്. പണം നമ്മുടെ ബന്ധങ്ങളെയോ മനോഭാവത്തെയോ അല്പം പോലും സ്വാധീനിക്കുവാൻ പാടില്ല. ദൈവം മാത്രമാണ് നമ്മെ സ്വാധീനിക്കേണ്ടതും നിയന്ത്രിക്കേണ്ടതും. ദൈവത്തിലുള്ള വിശ്വാസം ഈ മേഖലയിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് നാം ശോധന ചെയ്യേണ്ടിയിരിക്കുന്നു.

**4. വിശ്വാസവും പങ്കിടുവാനുള്ള മനോഭാവവും:**

ദൈവം എതിർക്കുന്ന മറ്റൊരു തിന്മയാണ് സ്വാർത്ഥതയും അത് മുഖാന്തിരമുള്ള നിസ്സംഗതയും. യാക്കോബ് ചോദിക്കുന്നു; 'സഹോദരന്മാരെ ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടെന്നു പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?'(യാക്കോബ് 2: 14). ഇവിടെ വിശ്വാസത്തിന്റെ പ്രവൃത്തികൾ എന്ന് യാക്കോബ് വിവക്ഷിക്കുന്നത് ഭൗതിക നന്മകളും സൗകര്യങ്ങളും ദരിദ്രരുമായി പങ്കിടുന്നതാണ്. വിശ്വാസികളായ നമ്മിൽ എത്രപേർ ഈ മേഖലയിൽ ഇപ്രകാരം ചെയ്യുന്നുണ്ട്?

സഭയുടെ ആരംഭത്തിൽ വിശ്വാസികളിൽ പ്രതിഫലിക്കപ്പെട്ടിരുന്ന മനോഭാവം ആയിരുന്നു ഉള്ളവർ ഇല്ലാത്തവരുമായി പങ്കിടുന്നത്. ' വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്ന് എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവനു ആവശ്യമുള്ളത് പോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ടു ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും ... കൃപ അനുഭവിക്കുകയും ചെയ്തു. അപ്പോസ്തലപ്രവൃത്തികൾ 2:44 47). ഇപ്രകാരം ചെയ്യുവാൻ ആരും അവരെ നിർബന്ധിച്ചിരുന്നില്ല; പ്രത്യുത അവരിൽ വ്യാപാരിച്ചിരുന്ന ദൈവസ്നേഹത്തിന്റെ നിർബന്ധമായിരുന്നു, അവരുടെ വിശ്വാസത്തിന്റെ പ്രതിഫലനം! ഒരു നിയമമമായി ഇതിനെ കണക്കാക്കുവാൻ കഴിയുകയില്ല. വിശ്വാസത്തിന്റെ പ്രതിഫലനത്താൽ മനോഭാവത്തിൽ ഉണ്ടാകേണ്ട ഒരു മാറ്റമാണ് ദരിദ്രനെ കരുതുക എന്നുള്ളത്. അപ്രകാരമുള്ള പ്രവൃത്തികൾ നമ്മുടെ വിശ്വാസത്തിൽ നിന്ന് ഉൽഭവിക്കുന്നില്ല എങ്കിൽ വിശ്വാസം നിർജീവം ആണെന്നാണ് യാക്കോബ് സമർത്ഥിക്കുന്നത്. പുണ്യപ്രവൃത്തികളാൽ രക്ഷ പ്രാപിക്കാം എന്നത് ശരിയായ ഉപദേശം അല്ല. എന്നാൽ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷ പ്രാപിച്ചവർ അല്ലാത്തവരുമായി പങ്കിടുവാൻ മനസ്സും ഉത്സാഹവും ഉള്ളവരായി മാറിയിരിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. ഇതിൽ നാം എങ്ങനെ ഇരിക്കിന്നു എന്ന് നമ്മെ പരിശോധിക്കണം.

**ദൈവത്തിൽ വിശ്വസിക്കുന്നവരുടെ നാവിൽ നിന്നും ഉച്ചരിക്കപ്പെടേണ്ടത് ദൈവത്തിലുള്ള വിശ്വാസത്തിൽ വേരൂന്നിയുള്ള വാക്കുകളാണ്. നാം ആരോട് സംസാരിക്കുമ്പോഴും അപരന് ദൈവത്തിലുള്ള വിശ്വാസം പകർന്നു നൽകുവാൻ നമ്മുടെ വാക്കുകൾ ഉപകരിക്കണം.**

**5.വിശ്വാസവും നാവിന്റെ നിയന്ത്രണവും:**

സംസാരത്തിലുള്ള നിയന്ത്രണം ജീവിതത്തിൽ, സമാധാനത്തിനു അത്യന്താപേക്ഷിതവും ആത്മികജീവിതത്തിന്റെ നിലനിൽപ്പിനു അനിവാര്യവുമാണ്. ദൈവത്തിൽ വിശ്വസിക്കുന്നവരുടെ നാവിൽ നിന്നും ഉച്ചരിക്കപ്പെടേണ്ടത് ദൈവത്തിലുള്ള വിശ്വാസത്തിൽ വേരൂന്നിയുള്ള വാക്കുകളാണ്. നാം ആരോട് സംസാരിക്കുമ്പോഴും അപരന് ദൈവത്തിലുള്ള വിശ്വാസം പകർന്നു നൽകുവാൻ നമ്മുടെ വാക്കുകൾ ഉപകരിക്കണം. 'നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാൺ ഇടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ടു താൻ ഭക്തൻ എന്ന് നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ' ( യാക്കോബ് 1: 26).

മെരുങ്ങുവാൻ പ്രയാസമുള്ള ഒരു അവയവമാണു നാവെന്ന് യാക്കോബ് നമ്മെ പഠിപ്പിക്കുന്നത്. അതിനാൽ സംസാരത്തിൽ അതീവ ശ്രദ്ധ ആവശ്യമാണ്. ദൈവത്തിലുള്ള വിശ്വാസം നമ്മുടെ വാക്കുകളെ നിയന്ത്രിക്കട്ടെ. ചുക്കാൻ ഉപയോഗിച്ച് വലിയ കപ്പലിനെപ്പോലും നിയന്ത്രിച്ചു ലക്ഷ്യത്തിലേക്കു നയിക്കുന്നതുപോലെ ഏതു നേരത്തും ഏതു സാഹചര്യത്തിലും ദൈവത്തിലുള്ള വിശ്വാസം ഉച്ചരിച്ചുകൊണ്ടു നമ്മുടെ ജീവിതത്തെ ശരിയായ ദിശയിലേക്കു തിരിച്ചു വിടുവാൻ നമുക്ക് കഴിയട്ടെ. ദൈവത്തിലുള്ള വിശ്വാസം ദൃഢമാണെങ്കിൽ അത് വാക്കുകളിൽ പ്രതിഫലിക്കും. നമ്മെ കേൾക്കുന്നവരുടെ വിശ്വാസത്തിനു അത് വർധന ഉളവാക്കുക തന്നെ ചെയ്യും. നമ്മുടെ ജീവിതരൂപാന്തരത്തിനായി മേൽപ്പറഞ്ഞ വചനങ്ങളുടെ മുമ്പാകെ നമുക്ക് നമ്മെ സമർപ്പിച്ചു അനുഗ്രഹീതരാകാം. ●



സാജു മാത്യു

# കഷ്ടതയുടെ പരിശീലനക്കളരി

***"എന്നാൽ നിങ്ങളിൽ ഒരുവന് (പരീക്ഷയെ നേരിടുവാനുള്ള) ജ്ഞാനം കുറവാകുന്നു എങ്കിൽ, ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോട് യാചിക്കട്ടെ, അപ്പോൾ അവനു ലഭിക്കും"***
***(യാക്കോബ് 1: 5).***

നാം നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് യേശുവിനെ കർത്താവാക്കുമ്പോൾ രക്ഷിക്കപ്പെട്ടു. അപ്പോൾ മുതൽ സ്വർഗത്തിലേക്കുള്ള യാത്രയിലാണു നാം. നിത്യതമുഴുവൻ നമുക്ക് യേശുവിനോടു കൂടെ വാഴേണ്ടതുണ്ട്.

സീയോൻ സഞ്ചാരികളാണു നാം. എന്നാൽ, സീയോനിൽ എത്തിച്ചേർന്നിട്ടില്ല. നമ്മുടെ ലക്ഷ്യസ്ഥാനം (destination point) ഇനിയും വിദൂരത്തിലാണ്. അവിടെയെത്തിച്ചേർന്നാലോ? അത് മറ്റൊരു ലോകമാണ്. നിത്യതയിൽ നമ്മുടെ വാസം യേശുവിനോടൊപ്പമാണ്. യേശുവിനോടൊപ്പം ജീവിക്കണമെങ്കിൽ യേശുവിന്റെ സ്വഭാവത്തിൽ നാം എത്തിച്ചേരണം. നമ്മുടെ അക്ഷമയും അതിമോഹങ്ങളും പൂർണമായി നമ്മിൽ നിന്നു മാറിയേപറ്റൂ. സ്നേഹവും സമാധാനവും ആത്മപൂർണതയും നാം സ്വന്തമാക്കിയേ പറ്റൂ. ഇതൊക്കെ ഇവിടെവെച്ചേ നാം പരിശീലിക്കണം. നിത്യതയുടെ സ്വഭാവം ഇപ്പോഴേ നമ്മിൽ ഒരുക്കിയെടുക്കേണ്ടതുണ്ട്. അതിനുള്ള ദൈവത്തിന്റെ പരിശീലനക്കളരിയാണ് നമ്മുടെ കഷ്ടതയുടെയും പ്രതിസന്ധികളുടെയും പ്രതികൂലത്തിന്റെയും നാളുകൾ.

നാം ഉയരെ പറക്കുവാനുള്ളവരാണ്. കൂടിന്റെ സുരക്ഷിതത്വത്തിൽ, സുഖമേഖലയിൽ, ബലഹീനമായ ചിറകുകളുമായിരുന്ന് ജീവിതം പാഴാക്കാനുള്ളവരല്ല. ഉയരെ പറക്കുവാൻ നമ്മുടെ ചിറകുകൾ ബലം ധരിക്കണം.

അതു തള്ളക്കഴുകന് അറിയാം. ഭാവിയിൽ തങ്ങൾ ആരാകുവാനുള്ളവരാണെന്നു കുഞ്ഞുങ്ങൾക്ക് വേണ്ടത്ര ബോധ്യമില്ലായിരിക്കാം. എന്നാൽ തള്ളക്കഴുകന് അതിനെക്കുറിച്ച് നല്ല ബോധ്യമുണ്ട്. നാം ആരാകുവാനുള്ളവരാണെന്ന് നിത്യതയിൽ നാം എത്ര ബലവാന്മാരായിരിക്കണമെന്ന് ദൈവത്തിന് നന്നായറിയാം. അതിനാൽ "കഴുകൻ തന്റെ കൂട് അനക്കി കുഞ്ഞുങ്ങൾക്ക് മീതെ പറക്കുംപോലെ"(ആവർത്തനം 32: 11) ദൈവം ചിറകുവിരിച്ച് പറന്ന് കഷ്ടതയുടെ മാർഗത്തിലൂടെ നമ്മെ നിത്യത പരിശീലിപ്പിക്കുന്നു.

ചിലരുടെ ചിന്ത, യേശുവാകുന്ന ഇടുക്കുവാതിലിലൂടെ അകത്തു കടന്നാൽ നാം രക്ഷപെട്ടു. പിന്നെ നമുക്ക് ഇഷ്ടമുള്ള വഴിയെ പോകാമെന്നാണ്.

**നാം ഉയരെ പറക്കുവാനുള്ളവരാണ്. കൂടിന്റെ സുരക്ഷിതത്വത്തിൽ, സുഖമേഖലയിൽ, ബലഹീനമായ ചിറകുകളുമായിരുന്ന് ജീവിതം പാഴാക്കാനുള്ളവരല്ല. ഉയരെ പറക്കുവാൻ നമ്മുടെ ചിറകുകൾ ബലം ധരിക്കണം.**

എന്നാൽ ഇടുക്കമുള്ള വാതിൽ ഞെരുക്കമുള്ള വഴിയിലേക്കാണെന്ന് നാമറിയണം. ക്രൂശിന്റെ വഴിയാണത്. എന്നാൽ അതാണ് ജീവന്റെ വഴി (മത്തായി 7: 13,14). "സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ, പോകുന്നു ക്രൂശിന്റെ പാതയിൽ..." (എം.ഇ. ചെറിയാൻ).

പരിശോധനകൾ ദൈവത്തിന്റെ പരിശീലനക്കളരിയാണെന്നു നാം കണ്ടു. കഷ്ടതകൾ ദൈവം അയയ്ക്കുന്നതാണെങ്കിൽ, അത് ഒഴിവാക്കാൻ നാം പരിശ്രമിക്കുമ്പോൾ ദൈവത്തിന്റെ ദാനത്തെ, അതിലൂടെ ദൈവത്തെത്തന്നെ നിരസിക്കുകയാണ്. സ്കൂളിൽ ചെന്നിട്ട് ക്ലാസിൽ കയറാതെ നടക്കുന്ന കുട്ടികളെപ്പോലെയാണ് കഷ്ടതയുടെ ദൈവിക പരിശീലനത്തെ നിരസിക്കുന്നവർ. ഒടുവിൽ അറ്റൻഡൻസ് തികയാതെ, പരീക്ഷ എഴുതാൻ കഴിയാതെ പരാജയപ്പെടുകയായിരിക്കും അതിന്റെ ആത്യന്തിക ഫലം! സമൃദ്ധി മാത്രം പ്രസംഗിക്കുന്ന ആധുനിക പ്രവാചകരേ, കഷ്ടതയൊഴിവാക്കാനുള്ള നിങ്ങളുടെ തത്രപ്പാട് ആത്യന്തികമായി ജീവിതത്തിൽ നിന്നു ദൈവത്തെത്തന്നെ ഒഴിവാക്കാനുള്ള വഴിയാണെന്നു മറന്നുപോകരുത്. നിങ്ങൾക്ക് നിത്യതവേണ്ടെങ്കിൽ നിങ്ങൾ അങ്ങനെതന്നെ പ്രസംഗിച്ചോളൂ. എന്നാൽ, നിത്യത നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിത്യതയിലെ ജീവിതത്തിന്റെ ഒരുക്കത്തിനായി കഷ്ടതയുടെ പരിശീലനക്കളരിയിലൂടെ കടന്നുപോയേ പറ്റൂ.

പർവതങ്ങൾ കുലുങ്ങിയാലും, (though mountaion shake) എന്ന പുസ്തകത്തിൽ എമി കാർമൈക്കൽ ആൻഡ്രൂ മുറെയെ ഉദ്ധരിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഞാൻ പറയട്ടെ, ഈ അവസ്ഥയിൽ ഞാൻ ആയിരിക്കുന്നത് ഒന്നാമത് ദൈവത്തിന്റെ നിയോഗത്തിനാലാണ് (by God's appointment). രണ്ടാമത്, ഇവിടെയും ഞാൻ അവന്റെ സംരക്ഷണത്തിൻ (in His keeping) കീഴിലാണ്, തന്നെയല്ല ഞാൻ അവന്റെ പരിശീലനത്തിൻ (in His training) കീഴിലാണ്. എനിക്കറിയാം അവൻ അവന്റെ സമയത്ത് എന്നെ യഥാസ്ഥാനത്താക്കും. അവന്റെ സമയത്തിനായി (His time)അവൻ എന്നെ ഇവിടെ സൂക്ഷിച്ചിരിക്കുന്നു."പരിശോധനകൾ ഏതൊക്കെ നിലയിൽ നമ്മെ നിത്യതയ്ക്കു പ്രാപ്തരാക്കുന്നു എന്ന് യാക്കോബ് വിശദമായി പറയുന്നുണ്ട്.

"എന്നാൽ നിങ്ങൾ ഒന്നിനും കുറവില്ലാത്തവരും തികഞ്ഞവരും സമ്പൂർണരും ആയിത്തീരേണ്ടതിന് സ്ഥിരതയ്ക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ" ഇവിടെ മൂന്നു വാക്കുകൾ വളരെ പ്രസക്തമാണ്. 1. തികഞ്ഞവർ, 2. സമ്പൂർണർ, 3. ഒന്നിനും കുറവില്ലാത്തവർ! ഓരോ വാക്കുകളും വളരെയേറെ അർഥസമ്പുഷ്ടമാണ്.

**1. തികഞ്ഞവർ.** ലക്ഷ്യസ്ഥാനത്ത് കൊണ്ടെത്തിക്കുന്ന തികവ് (prefection towards a given end) ആണിവിടെ. പരിശോധനകൾ, കഷ്ടതകൾ, പ്രതികൂലങ്ങൾ നമ്മെ നാം എവിടെയെത്തേണ്ടവരാണോ അവിടെ എത്തിക്കും. നിങ്ങൾ തന്നെ ആലോചിച്ചുനോക്കൂ, സമൃദ്ധിയാണോ കഷ്ടതയാണോ ദൈവസ്വഭാവത്തോട് നിങ്ങളെ കൂടുതൽ അടുപ്പിച്ചത്? നിങ്ങളുടെ പരിശോധനയുടെ ദിനങ്ങൾ നിങ്ങൾ ആരാകാനുള്ളവരാണെന്ന ബോധ്യത്തിലേക്കും വളർച്ചയിലേക്കും നിങ്ങളെ നയിച്ചിട്ടുണ്ട് എന്നു ഞാൻ പൂർണമായി വിശ്വസിക്കുന്നു. ഓട്ടക്കളത്തിൽ ഒരു 'ഫിനിഷിംഗ് പോയിന്റ്' ഉണ്ട്. അതാണ് നമ്മുടെ ലക്ഷ്യസ്ഥാനം (teleos-target). ക്രൂശിന്റെ പാത സീയോനിലേക്കുള്ള പാതയാണ്. മടുത്തുപോകാതെ നമുക്ക് ക്രൂശിന്റെ പാതയിൽ മുന്നേറാം.

സ്വർഗം നമ്മുടെ ആത്യന്തിക 'ടെലിയോസ്' ആണ്. എന്നാൽ ദൈവം ഓരോരുത്തരെയും ഭൂമിയിൽ ആക്കിയിരിക്കുന്നത് വ്യത്യസ്തമായ ലക്ഷ്യ(teleos)ങ്ങളോടെയാണ്. മാതാപിതാക്കളെന്ന നിലയിൽ നമുക്ക് ഒരു ടെലിയോസ് ഉണ്ട്. ദൈവം നമുക്കു നല്കിയിരിക്കുന്ന കുഞ്ഞുങ്ങളെ ദൈവികഭക്തിയിൽ വളർത്തി വിശുദ്ധരായി അവരെ ദൈവത്തിനു തിരികെ ഏല്പിക്കണം. ഒരു ഓഫീസിൽ, ഒരു തൊഴിൽ സ്ഥലത്ത് ദൈവം നമുക്കു തന്നിരിക്കുന്ന ടെലിയോസ് യേശുവിന്റെ പ്രതിനിധിയായി അവിടെ ജീവിച്ച് ക്രിസ്തുവിനെ പ്രഘോഷിച്ച് നമ്മുടെ സഹപ്രവർത്തകർക്ക് ദൈവരാജ്യത്തിന്റെ രുചി പകർന്നുകൊടുക്കുകയാണ്. ദൈവം നമ്മെ ഓരോ ജീവിതമണ്ഡലത്തിലാക്കിയിരിക്കുന്നതും ഓരോ ദൗത്യത്തോടെ(mission)യാണ്. അതാണ് നമ്മുടെ ടെലിയോസ്. നമ്മുടെ ദൗത്യത്തിന്റെ പൂർത്തീകരണത്തിന് നാം കഷ്ടതയുടെ പരിശീലനക്കളരിയിലൂടെ കടന്നുപോകണം. നമ്മുടെ ആത്യന്തിക ടെലിയോസ് സ്വർഗസീയോനും!

**2. സമ്പൂർണർ.** 'തികഞ്ഞവർ' എന്നത് നമ്മുടെ 'ഫിനിഷിംഗ് പോയിന്റു'മായി ബന്ധപ്പെട്ടാണെങ്കിൽ 'സമ്പൂർണർ' (entire) എന്നത്

ശേഷം പേജ് 29 ▶



ഡേവിഡ് വിൽക്കേഴ്സൺ

# സുവിശേഷീകരണത്തിന്റെ ലക്ഷ്യം

സുവിശേഷീകരണത്തിന്റെ ലക്ഷ്യം മർക്കോസ് 16 : 15 ൽ കർത്താവു കല്പിച്ചിരിക്കുന്നതിനെ മത്തായി 28 : 19 ൽ പറയും പോലെ ഭൂലോകത്തിന്റെ അറ്റത്തോളം പോയി സകല ജനതകളെയും ശിഷ്യരാക്കുക എന്ന മഹാനിയോഗത്തിന്റെ വെളിച്ചത്തിൽ ആണ് മനസ്സിലാക്കേണ്ടത്. രക്ഷിക്കപ്പെടാത്ത സകലരെയും കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയുടെ പൂർണ്ണ രൂപമാണ് അവിടെ വെളിപ്പെടുത്തുന്നത്.

രക്ഷിക്കപ്പെട്ട ഓരോരുത്തരും തികഞ്ഞ ക്രിസ്തുശിഷ്യരായി വളരണം. നിർഭാഗ്യവശാൽ ഇന്ന് രക്ഷിക്കപ്പെട്ടു എന്ന് പറയുന്നവർ പോലും യഥാർത്ഥ ശിഷ്യരായി കാണപ്പെടുന്നില്ല. പലരുടെയും കാര്യത്തിൽ വാസ്തവമായ മാനസാന്തരം പോലും ഉണ്ടായിട്ടില്ല. ചില സുവിശേഷയോഗങ്ങളിൽ മാനസാന്തരത്തെക്കുറിച്ച് ഒരു വാക്കുപോലും പറയാതെ വിശ്വസിക്കുക എന്ന ആഹ്വാനം മാത്രമാണ് കേൾക്കുന്നത്. ആകയാൽ ഇന്നത്തെ പല വിശ്വാസികളും സമയമാകും മുമ്പേ ജനിച്ച ശിശുക്കളെ പോലെയാണ്. സമയത്തിന് മുമ്പേ ജനിച്ച കുഞ്ഞുങ്ങൾ പലരും ഒന്നുകിൽ മരിക്കയോ അല്ലെങ്കിൽ ജീവകാലം മുഴുവൻ എന്തെങ്കിലും ബലഹീനതയോ, ആരോഗ്യക്കുറവോ ഉള്ളവരായി, മറ്റുള്ളവർക്ക് ഒരു ഭാരമായി ജീവിക്കേണ്ടിയും വന്നേക്കാം. ഇതേ അവസ്ഥയാണ് മാനസാന്തരപ്പെടാത്ത ഒരു വിശ്വാസിയിൽ നിന്ന് സഭയ്ക്ക് ഉണ്ടാകുന്നത്. മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചാണ് ദൂതന്മാർ സന്തോഷിക്കുന്നത്, അല്ലാതെ കേവലം വിശ്വസിക്കുന്നവരെക്കുറിച്ചല്ല.

ഒരു വ്യക്തിയിൽ പൂർണമായ മാനസാന്തരം ഉണ്ടാവുകയും വാസ്തവമായും രക്ഷിക്കപ്പെടുകയും ചെയ്തുവെങ്കിലും ദൈവത്തിന്റെ സമ്പൂർണ്ണ ഹിതം അവനിൽ നിറവേറേണ്ടതിനു അവൻ ശിഷ്യത്വത്തിലേക്കു നടത്തപ്പെടേണ്ടതാകുന്നു. ശിഷ്യത്വത്തിലേക്കു നയിക്കാത്ത സുവിശേഷീകരണം പൂർത്തീകരിക്കപ്പെടാത്ത ഒന്നാണ്. വിവിധങ്ങളായ ഭക്ഷ്യപദാർത്ഥങ്ങളിൽ നിന്ന് വ്യത്യസ്തമായ പോഷകാംശങ്ങൾ ലഭിച്ചെങ്കിലേ വളർച്ച ആരോഗ്യകരമായിരിക്കയുള്ളു. അതുപോലെ ഒരു പുതിയ വിശ്വാസിക്ക് പലരിലൂടെ വ്യാപരിക്കുന്ന കൃപാവരങ്ങളാലും താലന്തുകളാലും പരിപോഷണം ലഭിച്ചെങ്കിൽ മാ

**ഒരു വ്യക്തിയിൽ പൂർണമായ മാനസാന്തരം ഉണ്ടാവുകയും വാസ്തവമായും രക്ഷിക്കപ്പെടുകയും ചെയ്തുവെങ്കിലും ദൈവത്തിന്റെ സമ്പൂർണ്ണ ഹിതം അവനിൽ നിറവേറേണ്ടതിനു അവൻ ശിഷ്യത്വത്തിലേക്കു നടത്തപ്പെടേണ്ടതാകുന്നു. ശിഷ്യത്വത്തിലേക്കു നയിക്കാത്ത സുവിശേഷീകരണം പൂർത്തീകരിക്കപ്പെടാത്ത ഒന്നാണ്.**

ത്രമേ ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യനായി രൂപാന്തരപ്പെടുകയുള്ളു. എന്നാൽ ചില സുവിശേഷകർ തങ്ങളുടെ നിലനിൽപ് മാത്രം ലക്ഷ്യമാക്കി മറ്റുള്ളവരുടെ ശുശ്രൂഷ ലഭിക്കുവാനുള്ള അവസരങ്ങൾ നിഷേധിക്കുന്നത് നിമിത്തം പലരുടെയും വളർച്ച മുരടിച്ചു പോകുന്നു. ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യന് മാത്രമേ മറ്റൊരാളെ ശിഷ്യത്വത്തിലേക്കു വളർത്തിയെടുക്കുവാൻ സാധിക്കുകയുള്ളു. അനർഹരായ ചിലർ സഭകളിൽ നുഴഞ്ഞുകയറി ചില പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നത് വിസ്മരിക്കുന്നില്ല. യഥാർത്ഥ ശിഷ്യത്വത്തിലേക്കു വളരാത്തതു തന്നെയാണ് അതിന്റെയും കാരണം. ആരെയും വിധിക്കരുതെന്നു വചനം പറയുന്നതിനാൽ അത്തരം പ്രസംഗകരെ വിധിക്കുവാൻ നമുക്കവകാശമില്ല. ഒരുവനെ പൂർണ ശിഷ്യത്വത്തിലേക്കു വളർത്തുവാൻ വേണ്ടതു ചെയ്യാതിരുന്ന വ്യക്തി തീർച്ചയായും ഒരുനാൾ ന്യായാധിപതിയാകുന്ന കർത്താവിന്റെ മുൻപാകെ കണക്കു ബോധിപ്പിച്ചേ മതിയാവു.

മർക്കോസ് 16:15, മത്തായി 28:19,20 എന്നീ വാക്യങ്ങളുടെ വെളിച്ചത്തിൽ ദൈവത്തിന്റെ സമ്പൂർണ ലക്ഷ്യം ശരിയായി മനസിലാക്കുവാൻ ശ്രമിക്കാം. ജനത്തെ മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുന്നതിന്റെ സമീകൃത നിലപാടെന്നതു മർക്കോസ് 16:16 ൽ പറയുന്നത് പോലെ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യണമെന്ന് വ്യക്തമായി പഠിപ്പിക്കുന്നതാണ്. മനുഷ്യ ഭയം നിമിത്തം ചിലർ ജലസ്നാനത്തെ കുറിച്ച് പഠിപ്പിക്കുന്നില്ല. അത്തരക്കാർ പെന്തെക്കൊസ്തു നാളിൽ (പ്രവൃത്തികൾ 2:38) പത്രോസ് പ്രസംഗിച്ച വിധമല്ല പഠിപ്പിക്കുന്നത്. മത്തായി 28:19 ൽ സകല ജാതികളെയും ശിഷ്യരാക്കികൊൾവീൻ എന്നാണ് കർത്താവു നമ്മോടു കല്പിക്കുന്നത്. ഇതോടൊപ്പം വ്യക്തികളോടും വസ്തുവകകളോടും ഉള്ള നമ്മുടെ മനോഭാവത്തിന്റെ മുൻഗണനാക്രമത്തിൽ യേശു ആയിരിക്കണം എല്ലായ്പ്പോഴും ഒന്നാം സ്ഥാനത്ത്. ലൂക്കോസ് 14:26,27,33 എന്നീ വാക്യങ്ങളിൽ യേശുവിനേക്കാൾ അധികം ആരെയും ഒന്നിനെയും സ്നേഹിക്കരുത് എന്ന് പറയുന്നതിന്റെ അർഥം ഇതാണ്. ഒരു ക്രിസ്തു ശിഷ്യനുണ്ടായിരിക്കേണ്ടത് അടിസ്ഥാനപരമായ മൂന്നു യോഗ്യതകളാണ്. അതായതു 1. യേശുവിനേക്കാളധികം ആരെയും സ്നേഹിക്കരുത്. 2. വസ്തുവകകളെ ഒന്നിനെയും സ്നേഹിക്കരുത്. 3. സ്വന്തം ക്രൂശെടുത്തുകൊണ്ടു യേശുവിനെ അനുഗമിക്കുക. അനുഗമിക്കുക എന്ന് പറയുമ്പോൾ, യേശു ചിന്തിച്ചതുപോലെയും, പ്രതികരിച്ചതുപോലെയും, സ്നേഹിച്ചതുപോലെയും അങ്ങനെ എല്ലാ അർത്ഥത്തിലും യേശുവിന്റെ സ്വഭാവത്തെ അഥവാ ജീവിതത്തെ അനുഗമിക്കുക എന്നാണ് അർഥം.

ഇന്നത്തെ സുവിശേഷകർ ദൈവത്തെക്കാൾ അധികം മനുഷ്യരെ ഭയപ്പെടുന്നതുകൊണ്ടു സ്നാനത്തിന്റെ പ്രാധാന്യത പലപ്പോഴും വ്യക്തമാക്കുന്നില്ല. അതിനു ധൈര്യപ്പെടുന്നവർ വളരെ വിരളവുമാണ്. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവയ്ക്കാതെ, ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു പകരം എല്ലാ വിഭാഗങ്ങളുടെയും അംഗീകാരം ലഭിക്കേണ്ടതിനു 'വിഭാഗീയതകൾക്കു അതീതൻ' എന്ന മനുഷ്യനാലുള്ള മാനം തേടുകയാണവർ. ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും അനുസരിക്കുവാൻ തക്കവണ്ണം ഓരോരുത്തരെയും പഠിപ്പിച്ചു ശിഷ്യരാക്കണമെന്നാണ് മത്തായി 28:20 ൽ യേശു തുടർന്ന് പറഞ്ഞത്. അതായതു യേശു പഠിപ്പിച്ച ഓരോ കല്പനകളെയും അനുസരിച്ചു ജീവിതത്തിന്റെ അനുഭവമാക്കണമെന്നു സ്പഷ്ടമായി താൻ പറയുന്നുണ്ട്. മത്തായി 5, 6, 7 അധ്യായങ്ങളിൽ ഗിരിപ്രഭാഷണത്തിൽ യേശു ഊന്നിപ്പറയുന്ന കല്പനകളും ഇവയിൽ ഉൾപ്പെടുന്നു.

യേശു പഠിപ്പിച്ചതൊക്കെയും പഠിക്കുവാനും അനുഭവമാക്കുവാനും പഠിപ്പിക്കുവാനും ഉള്ള കർത്തവ്യം പൂർത്തീകരിക്കുക എന്നത് ബൃഹത്തായ ഒരു നിയോഗം ആണ്. ഈ നിലയിൽ ദൈവത്തിന്റെ ആലോചന മുഴുവൻ നാം അറിയിക്കണം. ഈ അത്യാവശ്യ ബോധത്താൽ നിർബന്ധിക്കപ്പെട്ടിട്ടു, ലഭിച്ച പ്രകാശനത്തിന് ഒത്തവണ്ണം, പൂർണ ഹൃദയത്തോടെ വചനം അനുസരിച്ചുകൊണ്ടു ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ പണിയുന്നതിൽ തീക്ഷ്ണതയുള്ളവർ ആകുക എന്നതാണ് ഇന്നത്തെ ആവശ്യം.

യേശു സ്നേഹിച്ചതുപോലെ അന്യോന്യം സ്നേഹിക്കുന്നവരായിരിക്കണം തന്റെ ശിഷ്യന്മാർ എന്ന് യേശു നിഷ്കർഷിച്ചു പറഞ്ഞു. അതാണ് അവരെ തിരിച്ചറിയാനുള്ള അടയാളവും. കൂടിവരുന്ന ആളുകളുടെ സംഖ്യാപെരുപ്പം, അവരുടെ ധനശേഷി ഇതൊന്നുമല്ല ക്രിസ്തുശിഷ്യരെ വേർതിരിച്ചുകാണിക്കുന്നത്. ക്രിസ്തുശിഷ്യരെ വേർതിരിച്ചു കാണിക്കുന്ന അടയാളം അവർ തമ്മി

ശേഷം പേജ് 24



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# നിനവേയിലെ ആളുകൾ

വിവിധ തരം ഉപവാസങ്ങൾ മനുഷ്യരുടെ ഇടയിൽ നിലവിലുണ്ട്. എപ്പോഴെങ്കിലും ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഉപവാസപ്രാർത്ഥനയിൽ നിങ്ങൾ പങ്കെടുത്തിട്ടുണ്ടെങ്കിൽ അത് ജീവിതത്തിന്റെ വഴിത്താരയെ തന്നെ കിഴ്മേൽ മറിച്ച അനുഭവങ്ങളും നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടാവും. മഹാനഗരമായ നിനവേയിൽ നടക്കുന്ന ദുഷ്ടത അറിഞ്ഞപ്പോൾ അതിനു വിരോധമായി പ്രസംഗിക്കുവാൻ ദൈവം യോനാപ്രവാചകനെ നിയോഗിച്ചു. അവിടെ എത്തിയ പ്രവാചകൻ അവരുടെ ദുഷ്ടത വിട്ടു മനസാന്തരപ്പെടുന്നില്ലെങ്കിൽ നാൽപ്പതു ദിവസത്തിനുള്ളിൽ അവരെ മുഴുവനായും നശിപ്പിക്കും എന്ന് പ്രസംഗിച്ചു. ഈ വാർത്ത അറിഞ്ഞ നിനവേയിലെ രാജാവ് തന്റെ സിംഹാസനത്തിൽ നിന്നെഴുന്നേറ്റു രാജകീയ വസ്ത്രങ്ങൾ മാറ്റിവച്ചിട്ടു ചാക്കുടുത്തു ചാരത്തിലിരുന്നു. കൂടാതെ അയാൾ പട്ടണത്തിലുടനീളം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. മനുഷ്യരോ മൃഗങ്ങളോ, ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ, ചാക്കുവസ്ത്രം ധരിച്ചു ദൈവത്തോട് കരഞ്ഞു നിലവിളിക്കുകയും ഓരോ വ്യക്തിയും ദുർമാർഗത്തിൽ നിന്നും മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്കു തിരിയണം. ദൈവം തന്റെ മനസ് മാറ്റി തന്റെ ഉഗ്രകോപത്തിൽ നിന്ന് പിന്തിരിഞ്ഞു നമ്മെ നശിപ്പിക്കാതിരുന്നേക്കാം എന്നായിരുന്നു വിളംബരം. പ്രാർത്ഥനയോടു കൂടെയുള്ള ഉപവാസം സർവശക്തനായ ദൈവത്തിന്റെ കരങ്ങളെ ചലിപ്പിക്കും എന്നതിന് ഒരു ഉത്തമ ഉദാഹരണമാണ് നിനവേയിൽ സംഭവിച്ചത്. രാജ്യത്തുടനീളം ഹൃദയപൂർവം ജനം മാനസാന്തരപ്പെട്ട് നിലവിളിച്ചപ്പോൾ ദൈവം അവരുടെ പ്രാർത്ഥന കേട്ട് അവർക്കു വരുത്തും എന്ന് അരുളിച്ചെയ്തിരുന്ന അനർത്ഥത്തിൽ നിന്ന് അവരെ വിടുവിച്ചു, അനർത്ഥം അവരുടെമേൽ വരുത്തിയതുമില്ല. യോനായുടെ പ്രബോധനം കേട്ട്, നിനവേക്കാർ മനസാന്തരപ്പെട്ട സംഭവം ഉദ്ധരിച്ചുകൊണ്ട് മാനസാന്തരത്തിന്റെ പ്രാധാന്യത്തെ യേശുകർത്താവ് ഊന്നിപ്പറയുന്നതു ലൂക്കോസ് 11: 32 ൽ കാണാം.

ആത്മികമായി മനുഷ്യമനസ്സുകളെ ഉണർത്തുവാൻ ശക്തിമത്തായ ഒരായുധമാണ് ഉപവാസവും പ്രാർത്ഥനയും. അപ്പോൾത്തന്നെ ഗൗരവബോധമില്ലാതെ ഉപവാസവും പ്രാർത്ഥനയും നടത്തിയാൽ യാതൊരു ആത്മിക പ്രസക്തിയുമില്ലാത്ത ഒരു കേവല ചടങ്ങു അഥവാ പ്രഹസനമായി അത് അധ:പതിച്ചേക്കാം. പരീശന്മാർ ആഴ്ചയിൽ രണ്ടുവട്ടം ഉപവസിച്ചിരുന്നത് ഭക്തികൊണ്ടായിരുന്നില്ല, മറിച്ചു മനുഷ്യരെ ബോധ്യപ്പെടുത്താനും അവരുടെ മുൻപിൽ തങ്ങളെത്തന്നെ ഭക്തരെന്ന് കാണിക്കുവാനും ആയിരുന്നു. അവരുടെ ഉപവാസം കേവലം ആത്മിക ദുരഭിമാനം കാട്ടുന്ന ഒരു മത അനുഷ്ഠനം അഥവാ ആചരണം മാത്രമായി തരം താണു പോയി. ഒട്ടും തന്നെ ആത്മിക മൂല്യമില്ലാത്ത ഒരു ചടങ്ങാചരണം മാത്രമായിരുന്നു അത്.

**യഥാർത്ഥ ഉപവാസത്തിന്റെ ഉദാഹരണങ്ങൾ :**

ഉപവാസം എന്നതിന് ഇംഗ്ലീഷിൽ ഫാസ്റ്റിംഗ് എന്നാണല്ലോ പറയുക. ഫാസ്റ്റ് എന്ന് പറയുമ്പോൾ അതിവേഗം എന്ന അർത്ഥമാണുള്ളത്. നിത്യത എന്ന ആത്മിക ലക്ഷ്യത്തിലേക്ക് ഉള്ള നമ്മുടെ പ്രയാണത്തെ ത്വരിതപ്പെടുത്തുവാൻ ഒരു മാർഗമാണ് യഥാർത്ഥ ഉപവാസം.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ നീതിക്കായി വിശന്നു ദാഹിക്കുന്ന ഒരനുഭവമാണ് മേൽപ്പറഞ്ഞ ഉപവാസം, ലക്ഷ്യത്തിലെത്തുവാൻ സഹായിക്കുന്നതിലൂടെ ദൈവം നമുക്ക് തൃപ്തി വരുത്തുന്നു. ദൈവിക നീതി നില നിർത്തുക എന്ന വിശപ്പാണ് നമ്മിൽ ഉണ്ടായിരിക്കേണ്ടത്. ഒന്നുകിൽ നമ്മിൽ വ്യക്തിപരമായോ, അല്ലെങ്കിൽ നമ്മുടെ കുടുംബത്തിലോ, സഭയിലോ, നാം വസിക്കുന്ന സ്ഥലത്തോ രാജ്യത്തോ എല്ലായിടത്തും ദൈവനീതി നിറവേറണം എന്ന ദാഹമാണ് നമ്മിൽ ഉണ്ടാകേണ്ടത്. ഉപവാസം ഈ അനുഭവത്തിലേക്ക് നമ്മെ വേഗത്തിൽ കൊണ്ടെത്തിക്കും.

അപ്പോൾത്തന്നെ നമ്മുടെ ഉപവാസം ശരീരത്തെ ദണ്ഡിപ്പിക്കുക എന്ന ലക്ഷ്യത്തിലും ആയിരിക്കരുത്. അതായതു ശരീരത്തിന്റെ ഉപേക്ഷയിലും എന്നായിരിക്കരുത് എന്ന് സാരം (കൊലൊസ്സ്യർ 2 : 23). സത്യത്തിൽ ഉപവസിക്കുക എന്നത് ഒരു കൃപാദാനമാണ്. ദൈവം നമ്മിൽ പ്രവർത്തന നിരതനാകുവാൻ നാം ദൈവത്തെ അനുവദിക്കുന്ന അവസരമാണ് ഉപവാസം. ശരീരത്തെയും ആത്മാവിനെയും ഒരേ സമയം പോഷിപ്പിക്കുന്ന ഒരനുഭവമാണ് യഥാർത്ഥ ഉപവാസം. വചനം വായിക്കുമ്പോഴും ധ്യാനിക്കുമ്പോഴും ഹൃദയത്തിൽ സംഗ്രഹിക്കുമ്പോഴും നമുക്കുവേണ്ടിയും മറ്റുള്ളവർക്ക് വേണ്ടിയും പ്രാർത്ഥിക്കുമ്പോഴും ദൈവത്തോട് കുറേക്കൂടി അടുത്ത് ഇടപഴകുവാനുള്ള അവസരമാണ് യഥാർത്ഥ ഉപവാസത്തിലൂടെ ലഭിക്കുന്നത്.

നമുക്ക് മറ്റുള്ളവരോടുള്ള സ്നേഹത്തെ പ്രകടമാക്കാനുള്ള ഒരു അവസരമായും ഉപവാസത്തെ തിരുവെഴുത്തിൽ പരാമർശിച്ചിരിക്കുന്നു. യെശയ്യാ 58: 6,7 വാക്യങ്ങളിൽ കാണുന്നതിൻ പ്രകാരം, അന്യായ ബന്ധനങ്ങളെ ഇല്ലാതാക്കുക, അതായതു തങ്ങൾ അനുഭവിക്കുന്ന സുഖസൗകര്യങ്ങൾ അർഹരായ മറ്റുള്ളവർക്കും പങ്കിട്ടു നൽകേണ്ടത് ഓരോ ദൈവപൈതലിന്റെയും ഉത്തരവാദിത്വമാണ്. ദൈവത്തെ യഥാർത്ഥമായി ബഹുമാനിക്കുക എന്നതാണ് എല്ലാ കപടഭക്തിയും ഒഴിഞ്ഞു പോകാനുള്ള മാർഗം. ചൂഷണത്തിന് വിധേയരായി വേദനപ്പെടുന്ന ആശ്രയം ഇല്ലാത്തവന് വേണ്ടി സംസാരിക്കുവാനും അവനെ വിടുവിക്കുന്നതിൽ നമ്മാൽ ആവതു ചെയ്യുവാനും നമുക്ക് കടപ്പാടുണ്ട്. വിശക്കുന്നവരുമായിട്ടു അപ്പം പങ്കു വയ്ക്കുവാനും കിടപ്പാടമില്ലാത്ത ദരിദ്രനെ വീട്ടിലേക്കു കൂട്ടികൊണ്ടുവരുവാനും നഗ്നരായവർക്കു വസ്ത്രം നൽകുവാനും സഹായത്തിനു അർഹരായവരെ അവഗണിക്കാതെ വേണ്ടത് നൽകുവാനും കഴിയുന്നതല്ലേ യഥാർത്ഥ ഉപവാസം. ഇങ്ങനെ ചെയ്യുമ്പോൾ അവർക്കു ലഭ്യമാകുന്ന അനുഗ്രഹത്തെക്കുറിച്ചും യെശയ്യാവ് തുടർന്നുള്ള വേദഭാഗത്തു പറയുന്നത്: നിന്റെ വെളിച്ചം പുലരിപോലെ പ്രകാശിക്കും, നിന്റെ വേദനകൾ വേഗത്തിൽ സൗഖ്യമാകും, നിന്റെ നീതി നിനക്ക് മുൻപായി നടക്കും, യഹോവയുടെ മഹത്വം നിന്റെ പിൻപടയായിരിക്കും, അപ്പോൾ നീ ദൈവത്തോട് വിളിച്ചപേക്ഷിക്കുന്നതിനൊക്കെയും അവിടുന്ന് ഉത്തരമരുളും. ഇതാണ് ഫലപ്രദമായ ഉപവാസം.

**നിനവെയിലെ ആളുകൾ**

തുടക്കത്തിൽ പ്രതിപാദിച്ചതുപോലെ നിനവെയിലെ രാജാവ് തന്റെ രാജ്യത്തിലെ പ്രജകളെ മൂന്നു ദിവസത്തെ പരിപൂർണ ഉപവാസത്തിലേക്കു നയിച്ചു. ഇത്തരത്തിൽ ഒരു ഉപവാസം അല്ല ഞാൻ ശുപാർശ ചെയ്യുന്നത്. തന്റെയും, രാജ്യത്തിലെ പ്രജകളുടെയും പാപത്തിന്റെ ബാഹുല്യത്താൽ നശിക്കും എന്ന ഒരു തോന്നൽ രാജാവിൽ ശക്തമായിരുന്നിരിക്കണം. ആകയാൽ രാജാവ് തന്നെത്താൻ ത്യജിച്ചു ദൈവത്തിന്റെ ന്യായവിധിക്കു പകരം ദൈവീക കരുണ ലഭിക്കുമെന്ന ശുഭപ്രതീക്ഷയിൽ ദൈവത്തോട് അപേക്ഷ കഴിക്കുകയാണ് ചെയ്തത്. ഇത്തരം സന്ദർഭങ്ങളിൽ ദൈവീക വിടുതലിനുള്ള ഒരു ഉത്തമ ഉദാഹരണമായി പ്രശംസപൂർവ്വം യേശുകർത്താവ് എടുത്തുപറഞ്ഞ സംഭവമാണ് നിനവെയിൽ നടന്നത്. ഇന്നും ഇത്തരം ഗൗരവതരമായ സാഹചര്യങ്ങളിൽ നാം അനുവർത്തിക്കേണ്ടത് എന്താണെന്നു യേശുകർത്താവ് ഇതിലൂടെ നമ്മെയും പ്രബോധിപ്പിക്കുന്നു.

പ്രിയ സഹോദരങ്ങളെ ഇന്ന് ലോകത്തെ മുൾമുനയിൽ നിർത്തിയിരിക്കുന്ന പ്രതിബന്ധങ്ങളെ തകർത്തു മുന്നേറുവാൻ നിനവെയിലെ ജനങ്ങളെ പോലെ തന്നെ പ്രാർത്ഥനയും ഉപവാസവും അനിവാര്യമായിരിക്കുന്നു. പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി ഒന്നിനാലും നീങ്ങിപ്പോകയില്ലെന്ന് നമ്മുടെ കർത്താവും അരുളിചെയ്തിട്ടുണ്ട്. നമ്മുടെ ആത്മിക യാത്രയിൽ ദുർഘടങ്ങളെ തകർത്തെറിഞ്ഞുകൊണ്ടു ലക്ഷ്യത്തിലേക്കു കുതിക്കുവാൻ നമുക്കും നിനവെയിലെ ആളുകളെപോലെ ഐക്യതയോടെ ഉപവസിച്ചു പ്രാർത്ഥിക്കുവാൻ കഴിയേണ്ടതല്ലേ? ■



ചെയ്സ് ജോസഫ്

# കൃപയുടെ കർത്തൃത്വം; നീതിയുടെ അടിമത്തം

(റോമാ ലേഖനം 6: 12 -18 )

**കൃപ** വാഴുന്നു എന്ന പ്രയോഗം അടുത്ത കാലത്തു വളരെ അധികം ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. കൃപ എന്ന വാക്കിന്റെ വേദശാസ്ത്രപരമായ അർഥം അർഹതയില്ലാത്ത സ്ഥാനത്തു ലഭിക്കുന്ന ദൈവീക അംഗീകാരം എന്നതായതു കൊണ്ട്, വെറുതെ കിട്ടുന്ന അംഗീകാരം നമ്മെ രാജാക്കന്മാരെ പോലെ ജീവിക്കാൻ സഹായിക്കുന്നു എന്ന തരത്തിലുള്ള ദുർവ്യാഖ്യാനങ്ങൾ വളരെ അധികം പ്രചാരം നേടുകയും ചെയ്ത ഒരു കാലമാണ് കടന്നു പോയത്.

**എന്താണ് പാപത്തിന്റെ വാഴ്ച?**

മുൻപേ നാം പാപത്തിന്റെ വാഴ്ചയിൽ ആയിരുന്നു. പാപം നമ്മുടെ മേൽ കർതൃത്വം നടത്തിയിരുന്നു. എന്നാൽ ക്രിസ്തുവിന്റെ മരണത്തിൽ നമ്മൾ പങ്കാളികൾ ആകുമ്പോൾ പാപത്തിന്റെ അടിമത്തം അതോടെ അവസാനിക്കുന്നു. നാം കഴിഞ്ഞ മാസത്തെ പഠനത്തിൽ കണ്ടതുപോലെ, പാപപ്രകൃതത്തിന്റെ മരണം നമ്മെ പാപത്തിന്റെ അധികാരത്തിൽ നിന്ന് വിടുവിക്കുന്നു. അത് ശരിക്കും ഒരു അടിമത്തം ആയിരുന്നു എന്ന് നാം പതിനേഴാം വാക്യത്തിൽ കാണുന്നു. നാം നമ്മുടെ മനോധർമ്മം അനുസരിച്ചു പാപം ചെയ്യുക ആയിരുന്നില്ല. നമുക്കു പാപം അല്ലാതെ ഒന്നും ചെയ്യാൻ കഴിവുണ്ടായിരുന്നില്ല . കാരണം ഒരു യജമാനന് അടിമ എന്ന പോലെ നാം പാപത്തിനു ദാസരായി വിൽക്കപ്പെട്ടവർ ആയിരുന്നു. പാപമെന്ന യജമാനൻ പറയുന്നത് നിസ്സഹായരായി നാം അനുസരിച്ചു, നല്ല കാര്യം എന്ന് വിചാരിച്ചു ചെയ്ത സൽപ്രവൃത്തികൾ പോലും പാപത്തിന്റെ അടിമയിൽ നിന്ന് വന്നതും ജഡം എന്ന യജമാനനെ പ്രസാദിപ്പിക്കുന്നതുമായിരുന്നു. ദൈവത്തിനു കീഴടങ്ങാൻ പറ്റാത്ത, ദൈവീക ന്യായപ്രമാണത്തെ അനുസരിക്കാൻ പറ്റാത്ത ഒരു ശത്രുത്വം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചിരുന്നു. ഈ അടിമത്തത്തെ കുറിച്ച് ഏഴാം അധ്യായത്തിൽ വിശദമായി കാണുന്നുണ്ട്. നന്മ ചെയ്യണം എന്ന് എത്ര കഠിനമായ തീരുമാനം എടുത്താലും, നമ്മുടെ അവയവങ്ങളിൽ വസിക്കുന്ന പാപത്തിന്റെ ശക്തി നമ്മെ വീണ്ടും വീണ്ടും അടിമ നുകത്തിൽ തളച്ചിടും എന്നാണു ഇതിന്റെ അർഥം.

**നമുക്കു പാപം അല്ലാതെ ഒന്നും ചെയ്യാൻ കഴിവുണ്ടായിരുന്നില്ല. കാരണം ഒരു യജമാനന് അടിമ എന്ന പോലെ നാം പാപത്തിനു ദാസരായി വിൽക്കപ്പെട്ടവർ ആയിരുന്നു**

ശരീരം നിമിത്തം പാപത്തിനു ദാസന്മാർ എന്നത് നമ്മെ തികച്ചും നിസ്സഹായർ ആക്കുകയും, മനസ്സ് കൊണ്ട് തീരുമാനമെടുത്തു വിമോചനം നേടാൻ

നാം അശക്തർ ആവുകയും ചെയ്യുന്നു. പാപത്തിന്റെ ഈ വീഴ്ചയിൽ നിന്ന് രക്ഷപ്പെടുവാൻ നമുക്ക് രക്ഷകനെ ആവശ്യമാണ്. കാരണം സ്വയം അതിനുള്ള കഴിവ് ഒരു അടിമയ്ക്കു ഇല്ല.

ഒരു സാധാരണ ജോലിക്കാരനും അടിമയും തമ്മിലുള്ള വ്യത്യാസം വളരെ പ്രകടമാണ്. ഈ ലോകത്തു സാധാരണയായി എന്ത് ജോലി ചെയ്യുമ്പോളും, നമുക്ക് പല കാര്യങ്ങളിലും തീരുമാനം എടുക്കാൻ സ്വാതന്ത്ര്യം ഉണ്ട്. ഒരു പക്ഷെ കൂടുതൽ ശമ്പളം ആവശ്യപ്പെടാം, അല്ലെങ്കിൽ ജോലി തന്നെ വേണ്ട എന്ന് വയ്ക്കാം. എന്നാൽ ഒരു അടിമയെ സംബന്ധിച്ചു അവന്റെ ജോലിക്കു ശമ്പളമോ ആനുകൂല്യങ്ങളോ എനിക്ക് ഇനി ജോലി വേണ്ട എന്ന് തീരുമാനിക്കാൻ ഉള്ള സ്വാതന്ത്ര്യമോ അവനില്ല. എന്നാൽ പാപത്തിന്റെ അടിമത്തത്തിൽ ഇരിക്കുന്ന ഒരു ആൾ ചിന്തിക്കുന്നത് അവനു എപ്പോൾ വേണമെങ്കിലും പാപത്തിനു പുറത്തു വരാൻ കഴിയും എന്നാണ്. അവൻ സ്വതന്ത്രനാണ് എന്ന ഒരു വ്യാജം അവൻ വിശ്വസിക്കുന്നു. പക്ഷെ എത്ര തീരുമാനങ്ങൾ എടുത്താലും, ദോഷപ്രവൃത്തികളെ മാറ്റി നല്ലവൻ ആയാലും ദൈവത്തിന്റെ മുൻപിൽ അവൻ പാപി തന്നെ ആയിരിക്കും, കാരണം അവന്റെ ജഡത്തിൽ യാതൊരു നന്മയും വസിക്കുന്നില്ല. തന്നെയുമല്ല, ഒരു ജഡമനുഷ്യനും ദൈവത്തിന്റെ ന്യായപ്രമാണത്തെ അനുസരിക്കാൻ കഴിയുകയുമില്ല.

**നീതിയുടെ അടിമത്തം (റോമർ 6:17,18)**


പാപത്തിന്റെ അടിമത്തം തകരുമ്പോൾ നമുക്ക് ലഭിക്കുന്നത് നീതിയുടെ അടിമത്തം ആണ്. ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികൾ ആവുമ്പോൾ നാം പാപത്തിന്റെ അടിമത്തത്തിൽ നിന്നും രക്ഷപെടുന്നു, എന്നാൽ അവന്റെ പുനരുത്ഥാനത്തിന്റെ പങ്കാളിത്തം ആണ് നമ്മെ നീതിയുടെ അടിമകൾ ആക്കുന്നത്. ഇനി ജീവിക്കുന്നതു ഞാൻ അല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു എന്നത് എനിക്ക് വിശ്വാസത്താൽ ഒരു യാഥാർഥ്യമായി മാറുന്നു. അപ്പോൾ ക്രിസ്തു നമുക്ക് വെളിപ്പെടുത്തി തന്ന നീതി, മനുഷ്യർക്ക് ഏതു സമയത്തും അപ്രാപ്യമായ ദൈവനീതി, അനുസരിക്കുന്നത് നമുക്ക് ബാധ്യസ്ഥത ആവുന്നു. നമുക്ക് പൂർത്തിയാക്കാൻ കഴിവില്ലാത്ത ഒരു നീതി ചെയ്യുവാൻ നാം ബാധ്യസ്ഥർ ആയാൽ എന്ത് ചെയ്യും? നീതിയുടെ അടിമത്തം ഒരു കാലത്തു എന്നെ ഭയപ്പെടുത്തിയിട്ടുണ്ട്. പലതും ചെയ്തു എന്ന് വിചാരിക്കുമ്പോളും ഒന്നും ആയില്ല എന്ന വേദന, ഒന്നും ആവുകയില്ല എന്ന തിരിച്ചറിവ് നമ്മെ ശരണത്തിനായി നീതിയുടെ രാജാവിന്റെ അടുത്തേയ്ക്കു തന്നെ ഓടി ചെന്ന് അഭയം പ്രാപിക്കുവാൻ നിർബന്ധിക്കുന്നു. അവിടെ യേശുക്രിസ്തുവിന്റെ ശരീര യാഗത്തിൽ നമുക്ക് വേണ്ടി എന്നെന്നേയ്ക്കുമായി തുറക്കപ്പെട്ട കൃപാസനം ഉണ്ട്. അവിടെ നമ്മുടെ ബലഹീനതകൾ മറയ്ക്കപ്പെടുകയും, ലംഘനങ്ങൾ ക്ഷമിക്കപ്പെടുകയും നാം ആത്മാവിന്റെ ശക്തി പ്രാപിക്കുകയും ചെയ്യുന്നു. അത് കൊണ്ട് തന്നെയാണ് യേശു കർത്താവു പറഞ്ഞത്, നമുക്ക് കർത്താവിനെ കൂടാതെ സ്വതവേ ഒന്നും ചെയ്യാൻ കഴിവില്ല എന്ന്.

**നമ്മുടെ പണം, ബുദ്ധി, കുടുംബ മഹിമ, നാം പെരുമാറ്റത്തിലൂടെയും മറ്റും നേടി എടുക്കുന്ന അംഗീകാരം, മതപരമായ പശ്ചാത്തലം, ആരോഗ്യം എന്നിവയൊക്കെ നമ്മെ ഈ ലോകത്തു നീതിമാനായി ജീവിക്കാൻ സഹായിക്കും. എന്നാൽ ദൈവീക നീതി നിവർത്തിക്കാൻ ഈ വക കാര്യങ്ങൾക്കു കഴിവില്ല**

**മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ കൊമ്പുകൾക്കു ഫലം പുറപ്പെടുവിക്കാൻ കഴിയുകയില്ല.**

പുതിയ നിയമത്തിൽ കർത്താവു നമ്മോടു കൽപ്പിച്ച കാര്യങ്ങൾ നമ്മെ അമ്പരപ്പിച്ചിട്ടില്ലേ? ഇതൊക്കെ എങ്ങനെ ചെയ്യാൻ കഴിയും എന്ന് അത്ഭുതപ്പെട്ടിട്ടില്ലേ? നമുക്ക് ചെയ്യാൻ കഴിവില്ല എന്ന് ഉള്ള തിരിച്ചറിവാണ്, നമ്മുടെ ജഡത്തിന്റെ ശക്തിയെ ത്യജിച്ചു കളയാൻ നമ്മെ നിർബന്ധിക്കുന്നത്. നീതിയുടെ അടിമയ്ക്കു ജഡം കൊണ്ട് പ്രയോജനം ഇല്ല. മാനുഷീകമായ ഒരു നീതി നിവർത്തിക്കപ്പെടാൻ നമുക്ക് ജഡത്തിൽ ആർജിക്കുന്ന കഴിവുകൾ പ്രയോജനം ചെയ്യും. പക്ഷെ സുവിശേഷത്തിൽ വെളിപ്പെട്ട ദൈവനീതി നിവർത്തിക്കുവാൻ നമുക്ക് സ്വതവേ കഴിയുകയില്ല. ഈ നീതിയുടെ അടിമത്തം ക്രിസ്തുവിൽ ഉള്ള അനുദിന പുതുക്കത്തിലേക്കു നമ്മെ നയിക്കുന്നു എങ്ങനെയാണ് നീതിയുടെ അടിമത്തം

ശേഷം പേജ് 27





ജെസ്സി സാജു

# പ്രായമായവരെ അറിയുക

നമ്മൾ മലയാളികൾ സ്നേഹം പ്രകടിപ്പിക്കുന്നതിൽ ലുബ്ധരും അതിനാൽ തന്നെ പല പ്രശ്നങ്ങൾക്കും കാരണക്കാരുമാകുന്നുണ്ട്. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. സ്കൂൾ വിട്ടു സാധാരണ അഞ്ചുമണിയോടെ വീട്ടിൽ എത്താറുള്ള കുഞ്ഞിനെ സമയം കഴിഞ്ഞിട്ടും കാണാതായപ്പോൾ അമ്മയുടെ സ്നേഹത്തിൽ അല്പം ആശങ്ക കലർന്നു. മിനിറ്റുകൾക്കുള്ളിൽ അത് ഉത്കണ്ഠയായി പരിണമിച്ചു. അരമണിക്കൂർ വൈകി അഞ്ചരയ്ക്ക് തിരിച്ചെത്തിയ കുട്ടിയെ അമ്മ ഓടി ചെന്ന് 'നീ എവിടെ പോയി കിടക്കുകയായിരുന്നു?' എന്ന് ആക്രോശിച്ചുകൊണ്ടു ഒരു അടി കൊടുത്തു. നോക്കുക; ഉള്ളിൽ തിളച്ചു പൊങ്ങിയ വികാരം സ്നേഹമായിരുന്നുവെങ്കിലും അത് പുറത്തേക്കു വന്നപ്പോൾ കോപത്തോടെയുള്ള ശകാരവും ശിക്ഷയുമായി ബഹിർഗമിച്ചു. എന്താണ് കുഞ്ഞു മനസിലാക്കുന്നത്? 'അല്ലെങ്കിലും ഈ അമ്മയ്ക്ക് എന്നോട് ഒരു സ്നേഹവുമില്ല'. ഇത്തരം എത്രയെത്ര സംഭവങ്ങൾ നമ്മുടെ അനുഭവങ്ങളിൽ ഉണ്ട്. എന്നാൽ സ്നേഹം പ്രകടിപ്പിച്ചിരുന്നുവെങ്കിൽ, 'മക്കളെ എത്ര നേരമായി നിന്നെ കാണാഞ്ഞതിനാൽ ഞാൻ വിഷമിക്കുകയായിരുന്നു. സാരമില്ല വരൂ നമുക്ക് കാപ്പി കുടിക്കാം' എന്ന് പറഞ്ഞു കുഞ്ഞിനു ലഘു ഭക്ഷണവും മറ്റും കൊടുത്തതിനു ശേഷം താമസിച്ചു പോയതിന്റെ കാരണം തിരക്കിയിരുന്നുവെങ്കിൽ സ്നേഹം കുഞ്ഞു മനസിലാക്കുകയും അതിനനുസരിച്ചു പ്രതികരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇവിടെ വിപരീത ഫലമാണ് ഉളവാക്കിയത്. ആകയാൽ ഇനിയെങ്കിലും നമ്മുടെ ഉള്ളിലെ സ്നേഹം മറച്ചുപിടിക്കാതെ തെളിച്ചു പ്രകാശിപ്പിക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. മന:ശാസ്ത്രപരമായ പരിശീലനമൊന്നും നമ്മുടെ മാതാപിതാക്കൾക്കും കിട്ടിയിരുന്നില്ലയെന്നതിനാൽ സ്നേഹം മറ്റെന്തെങ്കിലും വികാരമായിട്ടായിരിക്കും അവർ പ്രകടിപ്പിച്ചിട്ടുണ്ടാവുക. മാനസിക വ്യക്തിത്വ വികാസത്തിന് ഏറ്റവും അനിവാര്യമായ ഒരു ഘടകമാണ് വേണ്ടപ്പെട്ടവരിൽ നിന്നും ലഭിക്കുന്ന സ്നേഹം. ഒരു പക്ഷെ ഇത്തരം അനുഭവങ്ങൾ നമ്മുടെ മാതാപിതാക്കളിൽ നിന്ന് നമുക്ക് ലഭിച്ചുണ്ടാവാം. എങ്കിലും അത് മന:പൂർവ്വമായി ക്ഷമിച്ചു സ്നേഹത്തോടെ അവരുടെ ജീവിതത്തിന്റെ അവസാന നാളുകളിൽ പെരുമാറുവാൻ നാം മന:പൂർവ്വമായിത്തന്നെ ശ്രമിക്കേണ്ടതാണ്. അവരുടെ മനസിന്റെ സന്തോഷമാണ് നമ്മുടെ അനുഗ്രഹം. എന്നു വച്ചാൽ അവരുടെ ഹൃദയത്തിന്റെ വേദന നമുക്ക് ശാപമായി ഭവിച്ചേക്കാം എന്നു സാരം.

ആധുനിക സംവിധാനങ്ങൾ ഒന്നും ഇല്ലാതിരുന്ന കാലത്തു എത്ര കഷ്ടപ്പെട്ടാണ് അവർ നമ്മെ സ്നേഹിച്ചതും പരിപാലിച്ചു വളർത്തിയതും. നമുക്ക് അസുഖം വന്നപ്പോൾ ഉറങ്ങാതെ അരികിലിരുന്നു പരിചരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തത് അവരുടെ ഉറക്കവും സുഖവും ത്യജിച്ചിട്ടു തന്നെയാണ്. നമ്മുടെ കുസൃതികളും അതിനാൽ ഉണ്ടായ കഷ്ടനഷ്ടങ്ങളും അവർ ക്ഷമയോടെ സഹിച്ചു എന്നത് നാം കുറിക്കൊള്ളേണ്ട ഒരു പ്രധാന വസ്തുതയാണ്. അവരുടെ യൗവ്വനത്തിലെ ആരോഗ്യവും പക്വതയും ഇന്ന

വർക്കു ഉണ്ടായി എന്നു വരില്ല. ശരീരം ക്ഷീണി ക്കുമ്പോൾ മനസും ക്ഷീണിക്കും എന്നതിനാൽ അവരുടെ സ്വഭാവത്തിൽ മുൻപില്ലാതിരുന്ന ചില പിടിവാശിയും നിർബന്ധബുദ്ധിയും ഒരു പക്ഷെ നമ്മെ അലോസരപ്പെടുത്തിയേക്കാം. എന്നാൽ മനപൂർവ്വമായി അവർ നമ്മോടു ക്ഷമിച്ചിരുന്ന, നമ്മെ സഹിച്ചിരുന്ന, നമ്മുടെ നിർബന്ധബു ദ്ധിക്കു വഴങ്ങിയിരുന്ന ആ പഴയ അനുഭവം നിശ്ച യമായും നമ്മുടെ ഓർമ്മയിൽ ഉണ്ടെങ്കിൽ നമുക്കും അവരെ ക്ഷമയോടെ സഹിക്കുവാനും വഹിക്കുവാനും കഴിയും. 'ആറും അറുപതും ഒരുപോലെ ആണ്' എന്ന പഴമൊഴി നമുക്ക് സുപ രിചിതമാണല്ലോ.

ഈ കാലഘട്ടത്തിൽ വൃദ്ധസദനങ്ങൾ വർ ധിച്ചു കൊണ്ടേയിരിക്കുന്ന അവസ്ഥ ഏറെ ഹൃദയവേദന ഉളവാക്കുന്നതാണ്. അതിനുള്ള കാ രണങ്ങൾ ഒന്ന് വിലയിരുത്തുന്നത് നന്നായി രിക്കും. കഴിഞ്ഞ വർഷാരംഭത്തോടെ രാജ്യമായ രാജ്യങ്ങളെല്ലാം ലോക്ക് ഡൗൺ ചെയ്തത് ഏ റ്റവും കൂടുതൽ പ്രയാസം ആയത് നമ്മുടെ പ്രാ യമായവർക്ക് ആണ്. രോഗി ഇച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും പാൽ എന്ന് പറയുന്നതുപോലെ, എങ്ങനെയെങ്കിലും പ്രായമായവരെ ഒന്ന് ഒഴിവാ ക്കാൻ ആഗ്രഹിച്ചിരുന്ന മക്കൾ അവരെ ശരിക്കും ലോക്ക്ഡൗണിൽ ആക്കി. സ്വാതന്ത്ര്യം നൽ കാതെ കൂട്ടിലിട്ട കിളിയെപ്പോലെ അവർ ആയി ത്തീർന്നു. നിയമങ്ങൾ അങ്ങനെ തന്നെ നിൽ ക്കട്ടെ.

പക്ഷേ നമ്മുടെ പ്രതിബദ്ധതകളും ഉത്തരവാ ദിത്വങ്ങളും എവിടെപ്പോയി? ആരാധനാലയങ്ങ ളിൽ പ്രവേശനവും മക്കളുടെയും കൊച്ചുമക്ക ളുടെയും ഒക്കെ വിവാഹത്തിൽ പങ്കെടുക്കുന്നതും അവർക്കു നിഷേധിക്കപ്പെട്ടു. ഉറ്റവരുടെയും ഉടയ വരുടെയും മരണം പോലും ഒന്ന് കാണാൻ കഴി യാതെയായി. ഇത്രയധികം മാനസിക പീഡനം ഉണ്ടായ ഒരു കാലഘട്ടം, അങ്ങനെ ഒന്ന് ചരിത്ര ത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു പോലും അറിയില്ല. കൂട്ടായ്മയുടെ അഭാവം പ്രായമായവരെ വല്ലാതെ തളർത്തിക്കളഞ്ഞു എന്നതിനു രണ്ടു പക്ഷമില്ല. ദൈവവുമായുള്ള കൂട്ടായ്മയും മനുഷ്യരുമായുള്ള കൂട്ടായ്മയും നമുക്ക് ആവശ്യമാണ്. നിരന്തരമായ പ്രാർത്ഥനയിലൂടെയും ദൈവവചന പാരായണ ത്തിലൂടെയും നമുക്ക് ദൈവത്തോട് നിരന്തരം കൂ ട്ടായ്മ ഉണ്ടാക്കിയെടുക്കാൻ കഴിയണം. എന്നാൽ വചനം വായിക്കാൻ കണ്ണിന് കാഴ്ച കുറവുള്ള

**കൂട്ടായ്മയുടെ അഭാവം**
**എത്ര വലിയ വിശുദ്ധനെയും**
**തകർത്തുകളയും.ദൈവത്തിൽ**
**നിന്നു പോലും അകന്നുപോകാൻ**
**ഇതൊരു കാരണമായേക്കാം.**
**ദൈവ ജനങ്ങളുമായുള്ള**
**കൂട്ടായ്മ വളരെ ആവശ്യമാണ്.**

വരും നമ്മുടെ കുടുംബങ്ങളിൽ തന്നെ ഉണ്ടല്ലോ, അവർക്ക് കൂട്ടായ്മ കൊടുക്കാൻ, വചനങ്ങൾ വാ യിച്ചു കേൾപ്പിക്കാൻ നമുക്കും നമ്മുടെ മക്കൾക്കും കഴിഞ്ഞിരുന്നെങ്കിൽ എത്ര ന ന്നായേനെ. കൂട്ടായ്മയുടെ അഭാവം എത്ര വലിയ വിശുദ്ധനെയും തകർത്തുകളയും. ദൈവത്തിൽ നിന്നു പോലും അകന്നുപോകാൻ ഇതൊരു കാ രണമായേക്കാം. ദൈവ ജനങ്ങളുമായുള്ള കൂട്ടാ യ്മ വളരെ ആവശ്യമാണ്. ഫോണിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും അവരെ സഹകരിപ്പിക്കു ന്നതും പ്രോത്സാഹിപ്പിക്കുന്നതും ഉത്സാഹിപ്പിക്കു ന്നതും ആനന്ദിപ്പിക്കുന്നതും ഒക്കെ ചെയ്ത് മക്കളോടും കൊച്ചു മക്കളോടും ഒപ്പം ചിരിച്ചും കളിച്ചും ഉല്ലസിച്ചും സമയം നന്നായി ചിലവാ ക്കാൻ പ്രായമായവർക്ക് ആഗ്രഹമുണ്ട്.

ആരാധനാലയങ്ങളിൽ നിന്ന് അടുത്തകാ ലത്തെങ്ങും ഒരു കൂട്ടായ്മ നമ്മുടെ പ്രായമായ വർക്ക് ലഭ്യമാകും എന്ന് പ്രതീക്ഷിക്കുവാനാവില്ല. പ്രായമായ പലരും ഒരു സഭായോഗം പോലും മുട ക്കുകയില്ലയെന്നു ദൈവത്തോട് ഉടമ്പടി ചെയ്ത വരാണ്. അത് പ്രാവർത്തികമാക്കുവാൻ കഴിയു ന്നില്ലല്ലോ എന്ന കുറ്റബോധം അവരെ വല്ലാതെ അലട്ടിയേക്കാം. അതിനു പരിഹാരമായി കുടും ബാംഗങ്ങളിൽ നിന്നും സമീപവാസികളായ സഹോദരങ്ങളിൽ നിന്നും അവർക്ക് ഒരു കൂട്ടാ യ്മ നൽകാൻ കഴിയണം. അങ്ങനെ ഒരു കൂട്ടാ യ്മ കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ അതൊരു വലിയ ദുരന്തം തന്നെയാണ്. വലിയ കുടുംബപ്ര ശ്നങ്ങളും വഴക്കും വരെ ഉണ്ടാവാൻ ഉള്ള മൂല കാരണം നാമവരെ ഒറ്റപ്പെടുത്തുന്നു എന്നതു മാത്രമാണ്.

നിനക്ക് ദീർഘായുസ്സ് ഉണ്ടാകേണ്ടതിനു നിന്റെ അപ്പനേയും അമ്മയെയും ബഹുമാനി ക്കാൻ ദൈവവചനം കൽപ്പിക്കുന്നു. എഴുപതു അല്ലെങ്കിൽ എൺപതു എന്നു ചിന്തിക്കുന്ന

തിനേക്കാൾ ഉത്തമമല്ലേ ഒരിക്കലും അവസാനിക്കാത്ത നിത്യതയാണ് ദീർഘായുസ് എന്നത്. മാതാപിതാക്കളോട് മത്സരിക്കുന്നതും അനുസരണക്കേടു കാണിക്കുന്നതും വധശിക്ഷയ്ക്കു യോഗ്യമായ കുറ്റമാണെന്ന് ആവർത്തനം 21 ൽ കാണുന്നു. അതുപോലെ നാം വിതയ്ക്കുന്നത് തന്നെ കൊയ്യും, നന്മ വിതച്ചാൽ നന്മയും തിന്മ വിതച്ചാൽ തിന്മയും. നാം മാതാപിതാക്കളെ സംരക്ഷിക്കാനും അവർക്ക് വേണ്ടതെല്ലാം വാങ്ങിക്കൊടുക്കാനും ഉത്തരവാദിത്വപ്പെട്ടവരാണ്. അവർ നമുക്ക് വേണ്ടി നിസ്വാർത്ഥമായി വെച്ചുവിളമ്പി തന്നിട്ട്, ഉണ്ണാതെയും ഉറങ്ങാതെയും നമ്മെ വളർത്തിയത് നാം മറന്നു പോയോ? അവരുടെ ചെറുതും വലുതും ആയ ആഗ്രഹങ്ങളെ പോലും ബലിയർപ്പിച്ചതും, അവർ വാരി തന്നത് നാം കഴിക്കുന്നതും കണ്ട് നിർവൃതി അടഞ്ഞ മാതാപിതാക്കളെ നാം മറന്നു പോയോ? അപ്പോൾ അവരുടെ മുഖത്ത് വിരിഞ്ഞ സന്തോഷം നാം മറന്നുപോയോ? നാമിന്ന് ആയിരിക്കുന്ന അവസ്ഥയിൽ നമ്മെ എത്തിക്കുവാൻ അവർ എത്രത്തോളോം പാടുപെട്ടു എന്നത് ഉറക്കെ ചിന്തിക്കേണ്ട കാര്യം തന്നെയാണ്. നാം ജോലി ചെയ്യാൻ പോകുമ്പോൾ തങ്ങളുടെ കുഞ്ഞുങ്ങൾ കഴിച്ചോ കുടിച്ചോ എന്നൊന്നും തിരക്കാതെ മാതാപിതാക്കളുടെ കയ്യിൽ ഏൽപ്പിച്ചിട്ടു എത്ര വിശ്വാസത്തോടെ ആണ് നാം ഇറങ്ങി ധൃതിയിൽ പുറപ്പെട്ടത്. എന്നിട്ടിപ്പോൾ നമ്മുടെ മക്കൾ വളർന്നു വലുതായപ്പോൾ, അതെല്ലാം മറന്നോ? അവരുടെയൊക്കെ ത്യാഗത്തിന്റയും സഹനത്തിന്റെയും സഹകരണത്തിന്റെയും ഫലമായാണ് നാമിന്ന് തല ഉയർത്തി നടക്കുന്നത്. മാതാപിതാക്കൾക്ക് ഒരിക്കലും അനാഥത്വം ഉണ്ടാകാൻ നമ്മുടെ വാക്കോ പ്രവൃത്തിയോ കാരണമാകരുത്. നമ്മുടെ സ്നേഹവും പരിലാളനയും, നമ്മുടെ കുഞ്ഞുങ്ങളുടെ സ്നേഹവും വാത്സല്യവും മാതാപിതാക്കൾ ആഗ്രഹിക്കുന്നു. എത്രത്തോളം സ്നേഹവും കരുതലും നമുക്ക് നൽകിയോ, അതിലധികം വാരിക്കോരി തിരിച്ചു ലഭിക്കാൻ അവരും അർഹിക്കുന്നു. നമ്മൾ മക്കളെ വളർത്തുമ്പോൾ അവരുടെ സ്നേഹവും കരുതലും കൊച്ചുമക്കളുടെ സ്നേഹവും നമുക്ക് ലഭിക്കണമെന്ന് നാം ആഗ്രഹിക്കുന്നുവെങ്കിൽ നാം ഈ സ്നേഹം പ്രായമായവർക്ക് മടക്കി കൊടുത്തേ ഒക്കൂ.

വേദപുസ്തകത്തിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താനാണ്. അപ്പനെയും അമ്മയെയും സംരക്ഷിക്കാത്തവന്റെ കണ്ണ് കഴുകൻ കൊത്തി പറിക്കും എന്നു സദൃശ്യവാക്യം മുപ്പതാം അധ്യായത്തിൽ കാണുന്നു. സഭകളിലും സമൂഹത്തിലും പ്രവേശനം നിഷേധിക്കപ്പെട്ട പ്രായമായ മാതാപിതാക്കൾക്കു സന്തോഷം തിരികെ ലഭിക്കണമെങ്കിൽ നാം മന:പ്പൂർവമായി അത് നൽകിയെങ്കിലേ സാധിക്കുകയുള്ളു. നമ്മുടെ കൈയിൽ ആണ് അവരുടെ സന്തോഷം. നാമാണ് അത് പകർന്നുകൊടുക്കേണ്ടത്. മക്കളുടെയും കൊച്ചുമക്കളുടെയും സന്തോഷം കാണാനും, അവരുടെ വിവാഹത്തിൽ പങ്കെടുക്കാനും ഇവർ ആഗ്രഹിക്കുന്നുണ്ട്. ബന്ധുമിത്രാദികളുടെ ശവസംസ്കാരത്തിൽ പങ്കെടുക്കാൻ കഴിയാത്തതു അവരുടെ വേദനയാണ്. അവരെ നമ്മൾ ഒറ്റപ്പെടുത്തരുത്. നമ്മുടെ പണമോ മഹത്വമോ ഒന്നുമല്ല അവർ ആഗ്രഹിക്കുന്നത്. ഒരു വാക്ക്, അൽപ്പം സ്നേഹം, ഒരു ചുംബനം, ഒരു തലോടൽ, അത്രയും കൊടുത്താൽ മതി, അതിന് ദൈവം നമ്മെ പ്രാപ്തരാക്കട്ടെ. •

- കടങ്ങളും കടപ്പാടുകളും കൊടുത്തു തീർക്കുന്നതാണ് ഏറ്റവും വിലയ നിക്ഷേപം
- ധനം വർദ്ധിച്ചു വരുന്നതിലുളവാകുന്ന സന്തോഷത്തേക്കാൾ മികച്ചതാണ് ഉചിതമായി പണം ചിലവിടുന്നതിലൂടെ ലഭിക്കുന്ന സംതൃപ്തി.
- സ്നേഹിതന്റെ ഇല്ലായ്മയിൽ കൂട്ടായ്മ കാണിക്കുന്നവന്റെ ആവശ്യങ്ങൾ തക്കസമയത്ത് നിറവേറ്റപ്പെടാതെ മുടങ്ങിപ്പോകയില്ല.
- ഭൂമിയിൽ ലോഭിച്ച് സൂക്ഷിച്ചുവെക്കുന്ന പണം നിത്യതയിൽ നഷ്ടമായും യോഗ്യമായി ചിലവിടുന്ന പണം ലാഭമായും വരും.

# നിശബ്ദമായ ചില നിലവിളികൾ

മനുഷ്യ മനസാക്ഷിയെ ഞെട്ടിക്കുകയും, വേദനിപ്പിക്കുകയും ചെയ്ത ഒരു സംഭവമാണ് മുണ്ടക്കയത്ത് നടന്നത്. വയോധികരായ ദമ്പതികൾക്കു വേണ്ടത്ര പരിചരണം കിട്ടാതെ അവശരായി തീരുകയും, അതിനെത്തുടർന്നു പൊടിയൻ എന്നു പേരുള്ള വൃദ്ധൻ മരണപ്പെടുകയും ചെയ്തതായിരുന്നു ആ സംഭവം. വയോധികരായ മാതാപിതാക്കളെ സംരക്ഷിക്കുവാൻ നിലവിൽ നിയമങ്ങൾ ഉണ്ടായിരുന്നിട്ടും, അവർക്കു മക്കളുണ്ടായിരുന്നിട്ടും ഇങ്ങനെയൊരു സംഭവം നടന്നത് തികച്ചും ദു:ഖകരമാണ്. നാട്ടുകാരാണ് അവരുടെ ദയനീയാവസ്ഥ കണ്ട് ഈ സംഭവം ലോകത്തിനു മുൻപിൽ കൊണ്ടുവന്നത്. നിലത്തു വീണു കിടന്ന ഭക്ഷണം തറയിലെ മണ്ണോടു കൂടി വൃദ്ധമാതാവ് പെറുക്കിയെടുത്തു കഴിക്കുന്നതു മനസ്സലിയിക്കുന്നതു ആയിരുന്നു. പട്ടിണിയും പോഷകാഹാരക്കുറവും മൂലം ആണ് അദ്ദേഹം മരണത്തിനു കീഴടങ്ങിയത്. മകനും മരുമകളും, ഭക്ഷണവും വെള്ളവും നൽകാൻ തയ്യാറായിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ ജീവൻ നഷ്ടപ്പെടുകയില്ലായിരുന്നു.

പ്രായമായവരും തനിച്ച് കഴിയുന്നവരും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ് ഈ സംഭവം വിളിച്ചറിയിക്കുന്നത്. വയോധികർക്ക് അവഗണന നേരിടുന്ന സന്ദർഭങ്ങളിൽ പരാതിപ്പെടാൻ ട്രൈബ്യൂണലുകൾ ഉണ്ടെങ്കിലും, അതൊന്നും വേണ്ട നിലയിൽ ആരും ഉപയോഗിക്കാറില്ല. മക്കൾ എല്ലാവരും ചേർന്ന് പ്രായമായ ഒരു അമ്മയെ മൂവാറ്റുപുഴയിലെ വീട്ടിൽ ഉപേക്ഷിച്ച സംഭവം ഇപ്പോഴും മനസ്സിൽ നിന്നും ഇറങ്ങിപ്പോയിട്ടില്ലല്ലോ? നടക്കുവാൻ ബുദ്ധിമുട്ടിയിരുന്ന അമ്മയെ കസേരയിലിരുത്തിയ നിലയിലായിരുന്നു അവർ ഉപേക്ഷിച്ചത്. കാലിൽ ഒരു മണികെട്ടിയിരുന്നു. ഇത് അടിക്കുന്ന ശബ്ദം കേട്ട് പലപ്പോഴും അയൽക്കാർ എത്തിയാണ് ഇവർക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്തു കൊടുത്തിരുന്നത്. സംഭവമറിഞ്ഞു സ്വമേധയാ പോലീസ് കേസെടുത്തു. അമ്മയുടെ പ്രതിമാസ ചിലവിലേക്കു മാസം 8000 രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ ഈ ട്രൈബ്യൂണൽ ഉത്തരവിട്ടു. ഈ സംഭവം അവർക്കു ലഭിച്ചേക്കാവുന്ന നിയമ പരിരക്ഷയുടെ തെളിവാണല്ലോ? വാർദ്ധക്യം എല്ലാവർക്കും ഒരു ചോദ്യചിഹ്നമായി മാറുകയാണോ? വയോധികരെ മക്കളും കൊച്ചുമക്കളും മരുമക്കളും ഒരു ബാധ്യതയായി കാണാൻ തുടങ്ങിയാൽ അത് സമൂഹം നേരിടുന്ന ഒരു വലിയ പ്രതിസന്ധി ആയി തീരും. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വൃദ്ധസദനങ്ങൾ ഉള്ള സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. മാതാപിതാക്കളെ കൂലിക്കാരെ ഏൽപ്പിച്ചു മക്കൾ ധനസമ്പാദനത്തിനു വേണ്ടി പരക്കം പായുന്ന പ്രവണതയും ശുഭോദർക്കമല്ല.

മക്കളാൽ സ്നേഹിക്കപ്പെടണമെന്നു മാത്രമാണ് പ്രായമായ എല്ലാവരുടെയും ആവശ്യം. നാം കൊടുക്കുന്നതനുസരിച്ചേ നമുക്ക് കിട്ടു എന്ന പ്രമാണം മക്കളും മരുമക്കളും അറിഞ്ഞിരിക്കണം! നമ്മുടെ മാതാപിതാക്കളെ നാം എങ്ങനെ ശുശ്രൂഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുവോ എന്നത് ഇവിടെ പ്രസക്തമാണ്. അതേ രീതിയിൽ തന്നെ ആയിരിക്കും സ്വന്തം മക്കളും മരുമക്കളും പ്രായമാകുമ്പോൾ നമ്മെ നോക്കുക. സ്വന്തം മാതാപിതാക്കളെ തിരസ്കരിക്കുന്നവർ സ്വന്തം മക്കളാൽ തിരസ്കരിക്കപ്പെടുന്നത് സ്വാഭാവികം മാത്രം. നരച്ചവന്റെ മുൻപാകെ എഴുന്നേൽക്കുകയും, വൃദ്ധന്റെ മുഖം ബഹുമാനിക്കുകയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം എന്നാണ് ദൈവവചനം നമ്മെ പഠിപ്പിക്കുന്നത് (ലേവ്യ 19:32).

പ്രായമായവരെ പുച്ഛ മനോഭാവത്തോടെ നോക്കുന്നവർ കർത്താവായ യേശുക്രിസ്തു നൽകിയ താക്കീത് ഓർക്കണം. സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളത് ചെയ്യുകയും ചെയ്തു. എന്നാൽ പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്ത ഇടത്തേക്ക് നിന്നെ കൊണ്ടു പോവുകയും ചെയ്യും(യോഹന്നാൻ 21: 18). മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് നിയമം അനുശാസിക്കുന്ന ഉത്തരവാദിത്വമാണ്. •



എൽസി ജോയ്

# അടുക്കും ചിട്ടയും

കൊരിന്തിലെ വിശ്വാസികൾക്ക് അപ്പോസ്തലനായ പൗലോസ് നൽകുന്ന പ്രബോധനമാണ് ഓർമ്മയിൽ വരുന്നത്. ചില കുഴഞ്ഞു മറിഞ്ഞ അവസ്ഥകൾ കൊരിന്തിലെ സഭയിൽ ഉണ്ടായിരുന്നു. എല്ലാ കാര്യങ്ങളിലും ഒരു ക്രമീകരണം വരുത്തുക എന്നത് പൗലോസ് അവർക്ക് കത്തെഴുമ്പോൾ ആഗ്രഹിച്ചിരുന്നു. അതുകൊണ്ടു, ചില പ്രായോഗിക നിർദ്ദേശങ്ങളും ഉപദേശ വിഷയങ്ങളിൽ വ്യക്തതയും നൽകിക്കൊണ്ട് അദ്ദേഹം എഴുതി: 'സകലവും ഉചിതമായും ക്രമമായും നടക്കട്ടെ (1 കൊരിന്ത്യർ 14: 40). നമ്മുടെ ജീവിതത്തിനു തന്നെ ഒരു അടുക്കും ചിട്ടയും ഉണ്ടായിരിക്കണം. ക്രിസ്തുവിൽ ലഭിച്ചിരിക്കുന്ന പുതിയ ജീവിതത്തിന്റെ മാറ്റ് നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വെളിപ്പെടുന്നതാണ് ദൈവത്തിനു മഹത്വമായിരിക്കുന്നത്.ദൈവം ആ നിലയിൽ നമ്മെ പണിതെടുക്കുവാൻ ആഗ്രഹിക്കുന്നു എന്നാണ് ദൈവവചനത്തിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്. ദൈവം നമ്മിൽ ആരംഭിച്ചിരിക്കുന്ന തന്റെ പ്രവർത്തികൾ തികയ്ക്കുന്നതിനു മതിയായവനും വിശ്വസ്തനുമാണ്. എന്നാൽ ദൈവത്തോട് സഹകരിക്കുന്ന ചിന്തകളും ആഗ്രഹങ്ങളും സമർപ്പണ മനോഭാവവും നമുക്കുണ്ടായിരിക്കണം.

സഭ കൂടി വരുമ്പോൾ ഓരോരുത്തർക്കും ദൈവം നൽകിയിരിക്കുന്ന ശുശ്രൂഷകൾ ഉചിതമായും ക്രമമായും ചെയ്യുന്നത് സഭയുടെ ആത്മിക വർദ്ധനവിന് കാരണമാകും. മറിച്ചു, ക്രമമില്ലാതെ അവരവർക്കു തോന്നിയതുപോലെ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ ശ്രമിച്ചാൽ, അത് ആശയക്കുഴപ്പവും കലക്കവും ഉണ്ടാകുവാനേ ഉപകരിക്കുകയുള്ളൂ. അതുകൊണ്ടാണ് സകലവും ഉചിതമായും ക്രമമായും നടക്കട്ടെ എന്ന് പൗലോസ് പറയുന്നത്.

ഒരു ഭവനത്തെ സംബന്ധിച്ചും, ക്രമവും ചിട്ടയും വളരെ അത്യാവശ്യമാണ്. 'ചെറുപ്പകാലത്തിലുള്ള ശീലം മറക്കുമോ മാനുഷൻ ഉള്ള കാലം' എന്ന് കവി പാടിയിട്ടുള്ളത് നമുക്കറിയാമല്ലോ. ചെറുപ്പത്തിലേ ശീലിക്കേണ്ട ഒന്നാണ് അടുക്കും ചിട്ടയും. അത് ശീലിക്കാത്തതിന്റെ ദോഷം നാം അനുഭവിക്കുന്നുണ്ടെന്ന് സ്വയ പരിശോധന നടത്തിയാൽ മനസ്സിലാകും. 'എന്നെക്കൊണ്ട് ഇങ്ങനെ ഒക്കെ മാത്രമേ സാധിക്കൂ' എന്ന മാറ്റത്തിനാഗ്രഹമില്ലാത്ത മാനസീകാവസ്ഥയാണെങ്കിൽ നമുക്ക് എല്ലാ ഉപദേശങ്ങളും വ്യർഥമായിരിക്കും. മാറ്റത്തിന് ആഗ്രഹം ഉണ്ടെങ്കിൽ അൽപം പരിശ്രമിച്ചാൽ മാറ്റം സാധ്യമാണ്.

നല്ല ശീലങ്ങൾ നമ്മുടെ കുട്ടികളിൽ വളർത്തുവാൻ നാം ആഗ്രഹിക്കുന്നവരല്ലേ? അടുക്കും ചിട്ടയുമുള്ള ജീവിതം അവരെ പരിശീലിപ്പിക്കുവാൻ നമുക്ക് ഉത്സാഹിക്കാം. എഴുന്നേറ്റാൽ ഉടൻ ദൈവത്തിനു നന്ദി പറയുവാനും, കിടക്ക നന്നായി, വൃത്തിയായി, വിരിച്ചിടുവാനും, പുതപ്പു മടക്കി വയ്ക്കുവാനും, കിടപ്പു മുറി വൃത്തിയായി സൂക്ഷിക്കുവാനുമെല്ലാം നാം അവരെ പരിശീലിപ്പിക്കണം. നൂറുശതമാനം അവർ അങ്ങനെ ഒരു പക്ഷെ ഇന്ന് ചെയ്തില്ല എന്ന് വരാം. അമ്മമാർക്ക് ബാക്കി ചെയ്യേണ്ടതായും വരാം. എങ്കിലും,

വളരുമ്പോൾ, തിരിച്ചറിവ് ലഭിക്കുമ്പോൾ, ചെറുപ്പത്തിൽ നൽകിയ പരിശീലനത്തിന് അവർ നന്ദിയുള്ളവരായിത്തീരും. അടുക്കള ജോലിയിൽ സഹോദരിമാർക്ക് 'അടുക്കും ചിട്ടയും'ജോലിഭാരം കുറയ്ക്കുന്നതിന് സഹായകമാകും. ഓരോ സാധനങ്ങളും എവിടെ ഇരിക്കുന്നു എന്ന നല്ല നിശ്ചയം വേഗത്തിൽ കാര്യങ്ങൾ ചെയ്യുവാൻ ഉതകും. ജോലികൾ ചെയ്യുന്നതു അടുക്കോടും ചിട്ടയോടും ആണെങ്കിൽ പാചകം ആസ്വാദ്യകരമായ ജോലിയായി മാറും. ജോലിയിൽ കുഴച്ചിൽ അനുഭവപ്പെടുമ്പോഴാണ് അത് വലിയ ഭാരമായി തീരുന്നത്. വീട്ടിൽ സാധനങ്ങൾ സൂക്ഷിക്കുന്നതും അടുക്കും ചിട്ടയോടും ആയിരിക്കട്ടെ. ഉദാഹരണമായി, അലക്കിയ തുണികൾ വേർതിരിച്ചു അലമാരയിൽ ക്രമമായി അടുക്കി വയ്ക്കുക. ഷർട്ടുകൾ, പാന്റുകൾ, സാരികൾ ഇങ്ങനെ ഓരോന്നും വേർതിരിച്ചു അടുക്കിവയ്ക്കുക. അപ്പോൾ ഓരോ സാധനവും എടുക്കുവാൻ ബുദ്ധിമുട്ടുണ്ടാവില്ല; എല്ലാം കൂടി കുഴച്ചുമറിക്കേണ്ട കാര്യവും ഉണ്ടാവില്ല.

അതുപോലെ, നമ്മുടെ ഡോക്യുമെന്റ്സ് ഒക്കെ സുരക്ഷിതമായി വയ്ക്കുന്നതിന് കൃത്യമായ ഇടവും, എന്തെല്ലാം അവിടെ ഉണ്ടെന്നുള്ള ലിസ്റ്റും നമുക്കുണ്ടായിരിക്കണം. ആവശ്യം വരുമ്പോൾ അവിടെയും ഇവിടെയും അന്വേഷിച്ചു വെപ്രാളപ്പെടേണ്ടതായി വരില്ല. അത് മാത്രവുമല്ല വെള്ളപ്പൊക്കം നമ്മുടെ നാടിനെ ആശങ്കയിലാക്കിയതുപോലെ അപ്രതീക്ഷിതമായി വരുന്ന അടിയന്തരഘട്ടങ്ങളിൽ ഡോക്യുമെന്റ്സ് എടുത്തു മാറ്റേണ്ട സാഹചര്യമുണ്ടായാൽ അതിനു സഹായകമാകും.

ഓഫീസിലും ഈ അടുക്കും ചിട്ടയും ബാധകമാണ്. വിശ്വസ്തരായി ജോലി, സമയത്തുതന്നെ തീർത്തു പോകണമെങ്കിൽ എല്ലാം ക്രമമായി തന്നെ ചെയ്തു ശീലിക്കണം. അങ്ങനെയായാൽ ജോലികൾ പെൻഡിങ്ങിൽ വയ്ക്കേണ്ട കാര്യം ഉണ്ടാവില്ല. ജോലിയിലെ കുഴച്ചിൽ സമാധാനം നശിപ്പിക്കുന്നതും രക്ത സമ്മർദ്ദം കൂട്ടുന്നതുമാണ്. നീതിയിലും വിശുദ്ധിയിലും യേശുക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപപ്പെടുവാൻ കൊതിക്കുന്ന ഒരു ദൈവപൈതലിനു ഈ കാര്യങ്ങൾ എല്ലാം വളരെ പ്രധാനപ്പെട്ടവ തന്നെയാണ്.

എല്ലാ കാര്യങ്ങളും ക്രമമായും ചന്തമായും ആയിരുന്നാൽ ഭംഗിയും ഒപ്പം അനായാസവും ആയിരിക്കും. ജീവിതത്തിലെ ബദ്ധപ്പാടുകൾ കുറയ്ക്കുവാനും ടെൻഷൻ ഒഴിവാക്കുവാനും ഇത് വളരെ സഹായകമാണ്. പ്രാർഥന, ബൈബിൾ പഠനം, സുവിശേഷം പങ്കുവയ്ക്കൽ തുടങ്ങിയ ആത്മിക കാര്യങ്ങളിലും സമയം കണ്ടെത്തുവാൻ ഇത് ഒരളവിൽ സഹായിക്കും. ■

## നമ്മുടെ ക്രിസ്തീയ ജീവിതം

**ലോകാഭിപ്രായപ്രകാരമോ, സ്വയാഭിപ്രായപ്രകാരമോ മാറ്റങ്ങൾ വരുത്തുവാൻ അനുവാദമില്ലാത്ത ഒരു വിശിഷ്ട നിർമ്മിതിയാണ് നമ്മുടെ ക്രിസ്തീയ ജീവിതം.**

**ജനനം മുതൽ ക്രൂശിലെ മരണം വരെ നമുക്കു മാതൃകയായ യേശുവിനെ വാക്കിലും പ്രവൃത്തിയിലും പിൻപറ്റുവാൻ നമുക്കിടയാകണം. പഴയനിയമ ആലയത്തിന്റെ മാതൃക സീനായി മലയിലാണു പ്രദർശിപ്പിച്ചതെങ്കിൽ പുതിയനിയമ ആലയത്തിന്റെ മാതൃക കാൽവറിമലയിൽ പ്രദർശിപ്പിച്ചിരിക്കുന്നു. ആയതിനാൽ ക്രൂശിലെ ക്രിസ്തുവിന്റെ ഭാവം നാം അനുകരിച്ചേ പറ്റൂ.**

**ക്രൂശിനു ശേഷമുള്ള സൗഭാഗ്യങ്ങളുടെ നിത്യത നമ്മുടെ പ്രത്യാശയാണല്ലോ. ക്രൂശിന്റെ വഴിയേ അല്ലാതെ അവിടെ എത്താൻ മറ്റൊരു വഴിയുമില്ല.**

***കെ.വി.ആർ***





ബിൻസി സജി ജോർജ്

# മറിയ യേശു പാദാന്തികെ

മറിയയെ പോലെ നാഥന്റെ പാദപീഠത്തിൽ എനിക്ക് എന്നും ഇരിക്കാൻ കഴിഞ്ഞെങ്കിൽ, എന്റെ ഏറ്റവും വലിയ തെരഞ്ഞെടുപ്പ്, ഏക ആഗ്രഹം, ആനന്ദം, അനുഗ്രഹം, സന്തോഷം ഭൂമിയിലെ സ്വർഗ്ഗം മണവാളന്റെ ശബ്ദംകേൾക്കുന്നത് ആയിരിക്കട്ടെ. ചാൾസ് വെസ്‌ലിയുടെ വാക്കുകളാണിത്. ഈ വരികളിൽ നിന്നും യേശുവിന്റെ പാദാന്തികെ മറിയയുടെ സ്ഥാനം എത്ര പ്രാധാന്യമർഹിക്കുന്നു എന്ന് മനസ്സിലാക്കാം

യേശുവിനെ സ്നേഹിക്കുകയും, യേശു വളരെ സ്നേഹിക്കുകയും ചെയ്യുന്ന ഒരു പ്രിയ ഭവനം ആയിരുന്നു, ബെഥാന്യയിലെ മറിയയുടെ ഭവനം. യാത്രാമധ്യേ ഈ ഭവനത്തിലേക്ക് വരുന്ന യേശുവിനെ മാർത്ത ഹൃദ്യമായി സ്വീകരിക്കുന്നു. എന്നാൽ മറിയ കർത്താവിന്റെ കാൽക്കൽ ഇരുന്നു അവന്റെ വചനം കേട്ടുകൊണ്ടിരുന്നു. (ലൂക്കോസ് 10:39) യേശുവിന്റെ പദത്തിങ്കൽ ഏറ്റവും കൂടുതൽ സമയം ഇരുന്ന വ്യക്തി ആയിരിക്കാം മറിയ. എന്തിനാണ് മറിയ യേശുവിന്റെ പാദത്തിങ്കൽ സമയം ചിലവഴിച്ചത് എന്നു നമുക്ക് ചിന്തിക്കാം.

വചനം കേൾക്കുക എന്ന ആഗ്രഹത്തോടും ചിന്തയോടും കൂടെയാണ് അവൾ യേശുവിന്റെ പാദാന്തികെ ഇരുന്നത്. അത് ആരും അപഹരിക്കാത്ത നല്ല കാര്യം എന്നാണ് യേശു അവളെ പ്രശംസിച്ചുപറഞ്ഞത്. നല്ല കാര്യം എന്നതിനാൽ വചനം കേട്ട് ഹൃദയത്തിൽ സംഗ്രഹിച്ചു അനുസരിച്ചു അനുഭവമാക്കുന്നതാണ് എന്നു സാരം. ഒരു ശിഷ്യയെ സംബന്ധിച്ച് അവിടുത്തെ ഹിതം മനസിലാക്കുക എന്നതാണ് അനിവാര്യം. ദൈവവചനം പഠിക്കുന്നതിനു അവൾ അമിത പ്രാധാന്യം കൊടുത്തിരുന്നു.

മത്തായി 24: 35 ൽ പറയുന്നത്; ആകാശവും ഭൂമിയും നശ്വരമാണ്, എന്റെ വചനങ്ങളോ അനശ്വരമത്രെ എന്നാണ്. ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, എല്ലാം ഈ ലോകത്ത് നമുക്ക് ആവശ്യമാണ്. എന്നാൽ നമ്മുടെ അതി പ്രധാന വിഷയം നിത്യതയെ സംബന്ധിക്കുന്നത് ആയിരിക്കണം. കാരണം അത് എന്നേക്കും നിലനിൽക്കുന്നത് ആണ്. മറിയയുടെ തെരഞ്ഞെടുപ്പ് മനോഹരം എന്ന് പറയുമ്പോൾ കാണാൻ ഭംഗിയുള്ളത് എന്നല്ല. യജമാനന് ഉപയോഗമുള്ള ഒരു മാനപാത്രമായി പരിണമിക്കാനുള്ള തെരഞ്ഞെടുപ്പ് ആണത്.

മറിയ അവസരത്തിന് ഒത്തവണ്ണം സമയത്തിന്റെ വില മനസ്സിലാക്കി യേശുവിന്റെ പാദത്തിങ്കൽ ഇരുന്നു. യേശുവിന്റെ വചനം കേൾക്കുവാനും തന്നോടുള്ള ബന്ധം ദൃഢമാക്കുവാനും ലഭിച്ച നല്ല അവസരത്തെ തക്കയോഗ്യമായി പ്രയോജനപ്പെടുത്തി. പ്രിയ സഹോദരിമാരെ നമുക്ക് ആത്മീയമായി വളരുവാനും പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും അങ്ങനെ യേശുവിന്റെ സാന്നിധ്യം അനുഭവിക്കുവാനും

ലഭിക്കുന്ന അവസരങ്ങൾ പാഴാക്കാതിരിക്കുക. സമയം കണ്ടെത്തി അവിടുത്തെ പാദത്തിങ്കൽ നമുക്ക് ഇരിക്കാം. ഇപ്പോൾ നമുക്ക് ലഭിച്ചിരിക്കുന്ന സമയവും സ്വാതന്ത്ര്യവും നാളെ ലഭിച്ചു എന്ന് വരികയില്ല.

**മറിയ യേശുവിൽ ശ്രദ്ധ കേന്ദ്രീകരിച്ചു**

മാർത്ത പലതിനെ ചൊല്ലി ഉത്കണ്ഠപ്പെടുകയും വിഷമിക്കുകയും ചെയ്തപ്പോൾ, മറിയ യേശുവിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സമാധാനത്തോടെ ഇരുന്നു. ഈ വേദഭാഗം പഠിക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് വരാവുന്ന ഒരു ചോദ്യമാണ്, മാർത്ത യേശുവിനായ് ശുശ്രൂഷയിൽ തിരക്കായതു തെറ്റാണോ? തീർച്ചയായും അല്ല. മാർത്ത അതിഥിസൽക്കാര പ്രിയ ആയിരുന്നു. ആ നിലയിൽ യേശുവിനെ ശുശ്രൂഷിക്കാം എന്ന് കരുതി അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എങ്കിലും മനസ്സില്ലാമനസ്സോടെയും പിറുപിറുപ്പോടെയും ആയിരിക്കാം അവൾ അത് ചെയ്തത്. മറിയ സഹായിക്കുന്നില്ല എന്ന് കണ്ടപ്പോൾ അവൾ യേശുവിനെ പോലും കുറ്റപ്പെടുത്തി. എന്റെ സഹോദരി ശുശ്രൂഷയ്ക്ക് എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിനക്ക് വിചാരമില്ലയോ എന്ന് പറഞ്ഞു യേശുവിനോടു പോലും ശകാര രൂപത്തിൽ സംസാരിക്കുന്നു. വചനം പഠിക്കുന്നതിലും പ്രധാനം ഭക്ഷണം ഉണ്ടാക്കുന്നതാണ് എന്ന് അവൾക്കു തോന്നിക്കാണും. ഈ സന്ദർഭത്തിലാണ് മറിയയെ പ്രശംസിച്ചുകൊണ്ടു കർത്താവു മാർത്തയോട് മറുപടി പറയുന്നത്. അതിഥി സൽക്കാരം പ്രധാനപ്പെട്ടതു തന്നെയാണ്. ദൈവം നമ്മിൽ നിന്ന് അത് ആഗ്രഹിക്കുകയും ചെയ്യുന്നു. യേശുവിനോടു കൂടെ നടന്നും സഹവസിച്ചും തങ്കൽനിന്നും കേൾക്കുകയും ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്യുന്നതാണ് അതിലും ശ്രേഷ്ഠമായത്. നമ്മുടെ സ്വന്ത ഇഷ്ടത്തെക്കാളുപരി ഏതു ശുശ്രൂഷയിലും ദൈവഹിതം എന്തെന്ന് അറിഞ്ഞു അത് നിവർത്തിക്കുന്നതു ആണ് ദൈവത്തിനു പ്രസാദകരമായിരിക്കുന്നതു.

മാർത്ത യേശുവിനു വേണ്ടിയാണു ശുശ്രൂഷ ചെയ്തതെങ്കിലും അവളുടെ ഏകാഗ്രത, മറിയ തന്നെ സഹായിക്കുവാൻ വരാതിരുന്നപ്പോൾ, നഷ്ടമായി. ഞാൻ തന്നെ എന്തിനു കഷ്ടപ്പെടണം എന്ന ചിന്ത അവളെ ഭരിച്ചിരുന്നു. ഇത് സർവസാധാരണമായി പലരും പറഞ്ഞു കേൾക്കുന്ന ഒരു പല്ലവിയാണ്. ഒരുവിധത്തിൽ പറഞ്ഞാൽ ഇത്തരം മനോഭാവമാണ് നമ്മിൽ പലരിലും കാണുന്ന അസ്വസ്ഥകൾക്കുള്ള പ്രധാന കാരണം. പ്രിയ സഹോദരിമാരെ, നമുക്ക് ശുശ്രൂഷയ്ക്ക് ലഭിക്കുന്ന ഏതവസരവും, സന്തോഷത്തോടും ഉത്സാഹത്തോടും യേശുവിനു വേണ്ടി എന്ന ബോധ്യത്തിൽ ചെയ്താൽ മർത്തയെ പോലെ ഏകാഗ്രത നഷ്ടപ്പെട്ടു കുഴഞ്ഞു പോകുന്ന അവസ്ഥ ഉണ്ടാവുകയില്ല.

മറിയ യേശുവിന്റെ കാൽക്കൽ ഇരുന്നതും അവിടുത്തെ സംഭാഷണം ശ്രദ്ധിച്ചതും അവൾക്കു യേശുവിനെ കുറേക്കൂടി അടുത്തറിയുവാൻ ഉപകരിച്ചു. ഒരു നല്ല ശ്രോതാവിനു മാത്രമേ നല്ല ആത്മബന്ധം സ്ഥാപിക്കുവാൻ കഴിയുകയുള്ളു. യേശുവിനെ അറിയുന്നത് തന്നെയാണല്ലോ നിത്യജീവൻ (യോഹന്നാൻ 17 : 3).

**യേശുവിൽ ആശ്വാസം കണ്ടെത്തിയ മറിയ**

മനുഷ്യ ജീവിതത്തിലെ ഏറ്റവും വലിയ ദുഖമാണ് പ്രിയപ്പെട്ടവരുടെ മരണം. സഹോദരനായിരുന്ന ലാസറിന്റെ രോഗാവസ്ഥയിലും ആശ്വാസത്തിനായി ആശ്രയിച്ചത് യേശുവിനെയായിരുന്നു. അതുകൊണ്ടാണല്ലോ ആളയച്ചു യേശുവിനെ വിവരം അറിയിച്ചത്. മരണത്തിലും ആശ്വാസത്തിനായി ആശ്രയിക്കാൻ മറ്റാരുമുണ്ടായിരുന്നില്ല. ലാസറിനെ ഉയർപ്പിക്കുവാൻ പോകുന്നു എന്ന് കൃത്യമായ അറിവുണ്ടായിരുന്നിട്ടും സഹോദരിമാർ കരയുന്നതു കണ്ടപ്പോൾ അവരുടെ മനോവേദന അറിഞ്ഞു യേശുവും അവരോടൊപ്പം കരഞ്ഞു. നാമും വേദനപ്പെടുമ്പോൾ അത് അറിയുകയും നമ്മുടെ സങ്കടത്തിൽ പങ്കുചേരുകയും ചെയ്യുന്ന സ്നേഹനിധിയായ ഒരു നാഥൻ നമുക്കുണ്ട് എന്നത് എത്രയോ ആശ്വാസജനകമാണ്. അതുകൊണ്ടു മറ്റാരിലും ആശ്രയിക്കാതെ ആ നല്ല നാഥന്റെ പാദപീഠത്തിങ്കൽ ശരണപ്പെട്ടാൽ അവിടെ നിന്നു ആശ്വാസവും ആനന്ദവും, നമുക്കും ലഭ്യമാണ്.

**നന്ദിയും ആരാധനയും നൽകുന്ന മറിയ**

സഹോദരൻ ഉയിർപ്പിക്കപ്പെട്ടതിനു ശേഷം സന്തോഷ സൂചകമായി ഒരുക്കിയ അത്താഴ വിരുന്നിൽ മറിയയുടെ പക്കൽ സൂക്ഷിച്ചിരുന്ന വിലയേറിയ തൈലം യേശുവിന്റെ പാദങ്ങളിൽ പൂശി തന്റെ തലമുടികൊണ്ടു പാദങ്ങളെ തുടയ്ക്കുന്നു. നന്ദി എന്നത് കേവലം വാക്കിൽ ഒതുങ്ങുന്നതല്ല എന്ന് മനസിലാക്കിയ അവൾ, തന്റെ പ്രവൃത്തിയിലൂടെ അത് വെളിപ്പെടുത്തി. മറിയയുടെ ആ നല്ല പ്രവൃത്തിയുടെ സുഗന്ധം ആ വീട്ടിൽ മാത്രമല്ല അന്നും ഇന്നും ലോകം മുഴുവൻ

നിറഞ്ഞു നിൽക്കുന്നു. യഥാർത്ഥ ആരാധന ഏറ്റവും വിലപിടിപ്പുള്ളതിനെ നിസ്വാർത്ഥമായി, യാഗമായി ദൈവത്തിനു അർപ്പിക്കുന്നതാണ്. ഏറ്റവും വിലയേറിയതു അർപ്പിച്ചു ആരാധിച്ചപ്പോൾ അതൊരു പാഴ്ചിലവെന്ന് ചിലർ വിമർശിച്ചു. എങ്കിലും കർത്താവു അവളെ പ്രശംസിക്കയാണ് ചെയ്തത്. നാം ചെയ്യുന്ന പ്രവൃത്തി കർത്താവിനു പ്രസാദകരമാണെങ്കിൽ ആരൊക്കെ വിമർശിച്ചാലും നാം തളരേണ്ടതില്ല. വിമർശനങ്ങളുടെ മുമ്പിലും അതിനെ എങ്ങനെ അതിജീവിക്കാം എന്ന പാഠമാണ് മറിയ നമുക്ക് നൽകുന്നത്. ഈ സന്ദർഭത്തിൽ തന്റെ മനോഭാവത്തിന് മാറ്റം വന്ന മാർത്ത യാതൊരു പരാതിയും ഇല്ലാതെ അവിടെ വന്ന എല്ലാവർക്കും സന്തോഷത്തോടെ വിരുന്നൊരുക്കുകയും ചെയ്തു എന്നത് ഏറെ ശ്രദ്ധേയമാണ്. ഏതു ദുഃഖ വേളകളിലും സന്തോഷാവസരങ്ങളിലും കർത്തൃ സന്നിധിയിൽ മാത്രം ആശ്രയിച്ചു ആശ്വാസം പ്രാപിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●

# ആ വ്യക്തി... അതുല്യനായ ക്രിസ്തു തന്നെ!

അധികം അറിയപ്പെട്ടിട്ടില്ലാത്ത ഒരു ഗ്രാമപ്രദേശത്ത്, ഒരു കർഷക കന്യകയുടെ പുത്രനായ അദ്ദേഹം ജനിച്ചു, പ്രശസ്തമല്ലാത്ത മറ്റൊരു ഗ്രാമത്തിൽ വളർന്നു. മുപ്പതു വയസ്സുവരെ ഒരു മരപ്പണിശാലയിൽ ജോലിചെയ്തു. തുടർന്നു മൂന്നരവർഷക്കാലം ഒരു സഞ്ചാരപ്രസംഗകനായിരുന്നു. അദ്ദേഹം ഒരു പുസ്തകവും രചിച്ചിട്ടില്ല, ഒരു ഉദ്യോഗവും വഹിച്ചിട്ടില്ല, അദ്ദേഹത്തിന് വീടോ കുടുംബവുമോ ഉണ്ടായിരുന്നില്ല, സർവകലാശാലാഭ്യസനം ലഭിച്ചിട്ടില്ല, മഹാനഗരങ്ങളിൽ അദ്ദേഹം കാൽ കുത്തിയിട്ടില്ല. ജനനസ്ഥലത്തുനിന്നും ഇരുന്നൂറു മൈൽ ദൂരത്തിലധികം യാത്രചെയ്തിട്ടില്ല. സ്വന്തം വ്യക്തിത്വമല്ലാതെ, ആ മനുഷ്യനു സാക്ഷ്യപത്രങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ദിവ്യവ്യക്തിത്വത്തിന്റെ ശക്തിയിലൂടെയല്ലാതെ ഈ ലോകവുമായി അദ്ദേഹത്തിനു യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല.

യുവാവായിരിക്കുമ്പോൾ തന്നെ, പൊതുജനാഭിപ്രായം തനിക്കെതിരായിരുന്നു. സ്നേഹിതന്മാർ ഓടിപ്പൊയ്ക്കളഞ്ഞു. അതിൽ ഒരുവൻ അദ്ദേഹത്തെ തള്ളിപ്പറഞ്ഞു. മറ്റൊരുവൻ അദ്ദേഹത്തെ ഒറ്റുകൊടുത്തു, അദ്ദേഹം ശത്രുക്കളുടെ കരങ്ങളിൽ ഏല്പിക്കപ്പെട്ടു. വിസ്താരത്തിനു വിധേയനാക്കപ്പെട്ടു, വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു, രണ്ടു കള്ളന്മാരുടെ മധ്യത്തിൽ ക്രൂശിക്കപ്പെട്ടു. മരിക്കുമ്പോൾ തനിക്കു സ്വന്തമായുണ്ടായിരുന്ന ഒരേയൊരു വസ്തു – തന്റെ അങ്കി– അതിനുവേണ്ടി ആരാച്ചാരന്മാർ നറുക്കിട്ടു. മരണാനന്തരം, സ്വന്തമല്ലാത്ത ഒരു കല്ലറയിൽ ഒരു സ്നേഹിതന്റെ ഔദാര്യംകൊണ്ടു മാത്രം സംസ്കരിക്കപ്പെട്ടു. ഇരുപതു നൂറ്റാണ്ടുകൾ കടന്നുപോയി; മനുഷ്യരാശിയുടെ ആശാകേന്ദ്രവും ചരിത്രത്തിന്റെ നടുനായകനും പുരോഗതിയുടെ നിയന്ത്രിതാവും ആ വ്യക്തി തന്നെ. ഇന്നുവരെ ലോകത്തിൽ മാർച്ചുചെയ്തിട്ടുള്ള സകല സൈന്യങ്ങളുടെയും, സജ്ജമാക്കപ്പെട്ടിട്ടുള്ള സർവനാവിക സന്നാഹങ്ങളുടെയും, സമ്മേളിച്ചിട്ടുള്ള സകല പാർലമെന്റുകളുടെയും, ഭരണം നടത്തയിട്ടുള്ള സകല രാജാക്കന്മാരുടെയും സകല ശക്തിയെയും വെല്ലുന്ന സ്വാധീനംചെലുത്തി മനുഷ്യജീവിതത്തെ രൂപാന്തരപ്പെടുത്തുവാൻ ആ വിശ്വോത്തര മഹത്ജീവിതത്തിന് ഇന്നും കഴിയുന്നു. ആ വ്യക്തി, അതുല്യനായ ക്രിസ്തു തന്നെ! ●

ലുള്ള തീക്ഷ്ണമായ സ്നേഹമായിരിക്കണം. ആയിരങ്ങളെ ആകർഷിക്കുന്ന രോഗശാന്തി ശുശ്രൂഷ, പരസ്പരം സ്നേഹിക്കുന്ന ശിഷ്യന്മാരുടെ ഒരു കൂടിവരവായി പരിണമിക്കുന്നില്ലായെങ്കിൽ സുവിശേഷികരണത്തിന്റെ ലക്ഷ്യം എങ്ങനെ പൂർത്തീകരിക്കപ്പെടും? ദു:ഖകരമായ ഒരു വസ്തുത എന്തെന്നാൽ ആവർത്തിച്ചാവർത്തിച്ചു ഇത്തരംരോഗശാന്തി ശുശ്രൂഷകൾ വർഷാവർഷം നടന്നിട്ടും അന്യോന്യം സ്നേഹിക്കുന്ന യഥാർത്ഥ ക്രിസ്തുശിഷ്യന്മാരുടെ ഒരു കൂടിവരവുപോലും അത്തരം ഇടങ്ങളിൽ കാണ്മാനില്ല എന്നതാണ്.

അതുമാത്രമല്ല, ഏറ്റവും ശോചനീയമായ കാര്യം നിലവിലുള്ള സഭകളിലെ മുതിർന്നവർ തമ്മിൽ പോലും അന്യോന്യം പോരടിക്കുന്നതിനാൽ ഒരുവനാൽ ഒരുവൻ നശിച്ചുപോകുന്നു (ഗലാത്യർ 5:15). പുതിയ വിശ്വാസികൾക്ക് ജയജീവിതം നയിക്കുന്നത് ഒരുപക്ഷെ അസാധ്യമായേക്കാം. എന്നാൽ കലക്കവും അപക്വവുമായ പെരുമാറ്റം മുതിർന്നവരിൽ കാണുന്നുവെങ്കിൽ എത്ര ദൗർഭാഗ്യകരം എന്നോർക്കുക. യേശുവിനോടുള്ള സമ്പൂർണ അനുസരണത്തിന്റെയും ശിഷ്യത്വത്തിന്റെയും ഉപദേശങ്ങളെ പൂർണമായി നിരാകരിച്ചു എന്നതിന്റെ വ്യക്തമായ സൂചനയാണ് ഇത് നൽകുന്നത്. ആകെക്കൂടി നടന്നത് മാനസാന്തരത്തിന്റെയും ജലസ്നാനത്തിന്റെയും ഭാഗിക അനുസരണം മാത്രമാണ്.

മർക്കോസ് 16:15 -20, ഇവിടെ സുവിശേഷീകരണത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. അതെ തുടർന്ന് നടക്കുന്ന അത്ഭുതങ്ങളും അടയാളങ്ങളും വചനത്തെ ഉറപ്പിക്കുവാൻ വേണ്ടി കർത്താവു മനസ്സലിവോടെ ചെയ്യുന്നതാണ്. എന്നാൽ മത്തായി 28:19,20 ൽ ശിഷ്യത്വത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. യേശുവിന്റെ കല്പനയുടെ സമ്പൂർണ അനുസരണത്തിലൂടെയാണ് ഒരു ശിഷ്യന് തന്റെ ശിഷ്യത്വത്തെ വെളിപ്പെടുത്തുവാൻ കഴിയുക. ഇന്ന് ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും ഭാഗീക അനുസരണത്തിൽ സംതൃപ്തരായിരിക്കുമ്പോൾ വളരെ ചുരുക്കം ആളുകൾ മാത്രമാണ് യഥാർത്ഥ ശിഷ്യത്വത്തിലേക്കു വളരുന്നത്. ഇവിടെ വിലയിരുത്തിയപ്രകാരം ശിഷ്യത്വ അനുഭവമില്ലാതെ ഭാഗീകമായി മാത്രം മാനസാന്തര അനുഭവമുള്ള ഒരു വ്യക്തിയെ പ്രവർത്തന

**യേശു ശിഷ്യത്വത്തെക്കുറിച്ചു പഠിപ്പിക്കുവാൻ ആരംഭിച്ചപ്പോൾ ബഹുപുരുഷാരം കേവലം പന്ത്രണ്ടു ശിഷ്യന്മാരായി കുറയുകയാണുണ്ടായത്.**

ക്ഷമമല്ലാത്തതും ഉപയോഗയോഗ്യമല്ലാത്തതും ആയ 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന ഒരു അവസ്ഥയോടു ഉപമിക്കാവുന്നതാണ്. ഇത് ഗ്രഹിക്കുവാൻ നമുക്ക് കഴിയുമോ?

യേശുവിന്റെ പരസ്യ ശുശ്രൂഷയിൽ രോഗികൾക്ക് സൗഖ്യം നല്കിയിരുന്നതിനാൽ ബഹുപുരുഷാരം തന്നെ അനുഗമിച്ചിരുന്നതായി നാം വായിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് യേശു തിരിഞ്ഞ്, ലൂക്കോസ് 14:25,26 ൽ പറയുന്ന പ്രകാരം ശിഷ്യത്വത്തെക്കുറിച്ചു അവരെ പഠിപ്പിക്കുവാൻ ആരംഭിച്ചത്.

ഇന്നത്തെ സുവിശേഷകർ സഭയിൽ ദൈവം ആക്കിവച്ചിട്ടുള്ള അപ്പോസ്തലന്മാരോടും പ്രവാചകന്മാരോടും ഉപദേഷ്ടാക്കന്മാരോടും ഇടയന്മാരോടും ചേർന്ന് ഓരോ വിശ്വാസിയിലും ആരംഭിച്ച പണി പൂർത്തിയാക്കുവാൻ ഒരുമനസോടെ സമർപ്പിക്കുകയും പരിശ്രമിക്കുകയും ചെയ്യുവാൻ തയ്യാറാണോ?

യേശു ശിഷ്യത്വത്തെക്കുറിച്ചു പഠിപ്പിക്കുവാൻ ആരംഭിച്ചപ്പോൾ ബഹുപുരുഷാരം കേവലം പന്ത്രണ്ടു ശിഷ്യന്മാരായി കുറയുകയാണുണ്ടായത് (യോഹന്നാൻ 6:2. 6:66). അവരുടെ വിലയിരുത്തലിൽ ശിഷ്യത്വത്തെക്കുറിച്ചുള്ള പഠിപ്പിക്കൽ കഠിന ഉപദേശം എന്നാണ് കാണുന്നത്. എന്നിരുന്നാലും ഉപദേശത്തിൽ അയവു വരുത്താതെ ആ പന്ത്രണ്ടു പേരെ കൊണ്ട് യേശു ആരംഭിച്ച ശുശ്രൂഷ ഫലപ്രദമായി മുൻപോട്ടു നയിക്കയാണുണ്ടായത്. യേശുവിന്റെ ശരീരം എന്ന നിലയിൽ ഈ ശുശ്രൂഷ തുടർന്ന് കൊണ്ടുപോകേണ്ടതിന്റെ ഉത്തരവാദിത്വം നമുക്കാണ്. സുവിശേഷകർ കൂട്ടിച്ചേർക്കുന്ന വിശ്വാസ സമൂഹത്തെ ശിഷ്യത്വത്തിലേക്കും സമ്പൂർണ്ണ അനുസരണത്തിലേക്കും നടത്തുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. ഇപ്രകാരം മാത്രമേ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ പണിയപ്പെടുകയുള്ളു. അതിനായി സമർപ്പിതരായവരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം. ■

## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്



# സാത്താന്റെ രാജ്യം യാഥാർഥ്യമോ?

'അനന്തരം ചിലർ കുരുടനും ഊമനുമായൊരു ഭൂതഗ്രസ്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ഊമൻ സംസാരിക്കുകയും കാണുകയും ചെയ്യുവാൻ തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി. പുരുഷാരം ഒക്കെയും വിസ്മയിച്ചു: ഇവൻ ദാവീദ് പുത്രൻ തന്നെയോ എന്ന് പറഞ്ഞു. അത് കേട്ടിട്ട് പരീശന്മാർ: ഇവൻ ഭൂതങ്ങളുടെ തലവനായ ബെൽസെബൂലിനെ കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്ന് പറഞ്ഞു. അവൻ അവരുടെ നിരൂപണം അറിഞ്ഞു അവരോടു പറഞ്ഞത്: ഒരു രാജ്യം തന്നിൽത്തന്നെ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകും; ഒരു പട്ടണമോ ഗൃഹമോ തന്നിൽത്തന്നെ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവൻ തന്നിൽത്തന്നെ ഛിദ്രിച്ചുപോയല്ലോ; പിന്നെ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും?' (മത്തായി 12: 22 - 26)

സാത്താന്റെ രാജ്യത്തെക്കുറിച്ചു കർത്താവു പരാമർശിച്ച പശ്ചാത്തലം മുകളിൽ ഉദ്ധരിച്ച വേദഭാഗത്തു നാം കാണുന്നു. ചിലർ കുരുടനും ഊമനുമായ ഒരു ഭൂതഗ്രസ്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. കർത്താവു അവനെ സൗഖ്യമാക്കി. ദുരാത്മാവ് വിട്ടുപോയപ്പോൾ ആ മനുഷ്യൻ സംസാരിക്കുകയും കാണുകയും ചെയ്തു. ദുരാത്മാക്കൾക്കു അടിമപ്പെടുന്നവരെ, അവ രോഗത്താലും മറ്റും പീഡിപ്പിക്കുന്നതിന്റെ ഉദാഹരണമാണ് ഈ മനുഷ്യൻ. അത്ഭുത രോഗസൗഖ്യം കണ്ടു നിന്നവരിൽ വിസ്മയം ഉളവാക്കി. 'ഇവൻ ദാവീദുപുത്രൻ തന്നെയോ' എന്ന് അവർ പരസ്പരം ചോദിച്ചു. അവരുടെ മശിഹാ ദാവീദിന്റെ പുത്രനായി വരുമെന്ന് കാലങ്ങളായി അവർ വിശ്വസിച്ചു വരികയാണ്. കർത്താവു ചെയ്ത അത്ഭുതങ്ങൾ കണ്ടപ്പോൾ 'മശിഹാ' ആയിരിക്കുമോ ഇവൻ എന്നവർ ചിന്തിച്ചു എങ്കിലും മശിഹാ എന്ന് പൂർണമായും വിശ്വസിക്കുവാനും അംഗീകരിക്കുവാനും അവർക്കു കഴിഞ്ഞില്ല. കാരണം രാജപ്രൗഢിയൊന്നുമില്ലാതെ സാധാരണക്കാരിൽ സാധാരണക്കാരനായാണ് കർത്താവിനെ അവർ കണ്ടത്.

സംശയാലുക്കളെ വഴി തെറ്റിക്കുവാൻ എളുപ്പമാണല്ലോ. ജനങ്ങൾ പരസ്പരം ചോദിച്ച ചോദ്യത്തിന് പരീശന്മാർ ഉത്തരം കണ്ടെത്തി. യേശുവിനെ അംഗീകരിക്കുവാൻ തയ്യാറല്ലാതിരുന്ന അവർ പറഞ്ഞു: 'ഇവൻ ഭൂതങ്ങളുടെ തലവനായ ബെൽസെബൂലിനെക്കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല'. മന്ത്രവാദം, കൂടോത്രം, ആഭിചാരം, സേവ, ലക്ഷണം നോക്കുക... തുടങ്ങിയവയെല്ലാം പണ്ട് മുതലേ കേട്ടറിവുള്ളതാണ്. അതിലുള്ള വിശ്വാസവും ഭയവും പലരിലുമുണ്ട്. ചിലർ ഈ വക കാര്യങ്ങളിൽ വളരെ തത്പരരുമാണ്. ജനങ്ങളെ യേശുവിൽ നിന്നും അകറ്റുവാൻ പരീശന്മാർ ഉപയോഗിച്ച ഭോഷ്കയിരുന്നു ഈ ബെൽസെബൂൽ പ്രയോഗം.

രഹസ്യത്തിലുള്ള അവരുടെ സംഭാഷണവും അവരുടെ മനസ്സിൽ മാറി മറിഞ്ഞുകൊണ്ടിരുന്ന നിരൂപണങ്ങളെയും നന്നായി ഗ്രഹിച്ച കർത്താവ് അവർ

തനിക്കെതിരെ പറഞ്ഞ ആരോപണത്തിന്റെ യുക്തിഹീനത ചൂണ്ടിക്കാണിച്ചു. ഛിദ്രം കലക്കം അഥവാ ഭിന്നിപ്പ് എവിടെ ഉണ്ടായാലും അത് നിലനിൽപ്പിനു ദോഷമാണ്. 'ഒരു രാജ്യം തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ അത് ശൂന്യമാകും, ഒരു പട്ടണമോ ഗൃഹമോ തന്നിൽത്തന്നെ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കയില്ല'. ഐക്യതയുടെ പ്രാധാന്യത വളരെ വലുതാണ്. നിലനിൽപ്പിന്റെ അടിത്തറയാണത്. സാത്താന്യ രാജ്യം നിലനിൽക്കുവാനായി അവന്റെ സൈന്യങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകുവാൻ അവൻ അനുവദിക്കുന്നില്ല.

സാത്താന് അവന്റേതായ ഒരു രാജ്യമുണ്ട്. രാജ്യം എന്നത് ഒരു വ്യവസ്ഥിതിയാണ്. അവന്റെ കീഴിൽ അസംഖ്യം ദുരാത്മാക്കളും അവർക്കു തലവന്മാരും ഉണ്ട്. ഈ ദുരാത്മാക്കളിലൂടെ അവന്റേതായ ആധിപത്യം മനുഷ്യന്റെ മേൽ സ്ഥാപിക്കുവാൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു. മന്ത്രവാദത്തിന്റെയും ആഭിചാരത്തിന്റെയുമൊക്കെ പിന്നിൽ ഈ ദുരാത്മാക്കൾ ആണ്. അവ ഒന്ന് ഒന്നിനെതിരായി പ്രവർത്തിക്കുന്നില്ല എന്നാണല്ലോ കർത്താവ് പറയുന്നതിന്റെ സാരം. മന്ത്രവാദം പോലുള്ള സാത്താന്യസേവ കൊണ്ട് ഭൂതത്തെ ഒഴിപ്പിക്കുന്നു എന്ന് പറയുന്നത് വെറും ഭോഷ്ക്കാണ്. ഭൂതം ഒഴിഞ്ഞുപോയി എന്ന് പഠിപ്പിക്കുന്നതേയുള്ളു; വാസ്തവത്തിൽ അവരെ സാത്താൻ കൂടുതൽ അടിമപ്പെടുത്തുകയാണ്.

ആദ്യമനുഷ്യനായ ആദമിനെ പാപത്തിൽ വീഴ്ത്തി പരാജയപ്പെടുത്തിയതു മുതൽ സാത്താൻ മനുഷ്യന്റെമേൽ ആധിപത്യം നടത്തുകയാണ്. മനുഷ്യന്റെ പാർപ്പിനായി നൽകിയ ഭൂമിയെയും അവന്റെ അധികാരത്തിൽ വച്ചിരിക്കുന്നതായാണ് അവൻ വാദിക്കുന്നത്. യേശുകർത്താവിനെ പരീക്ഷിക്കുന്ന സമയത്തു പിശാച് ഈ അവകാശവാദം ഉന്നയിക്കുന്നുണ്ട്. സകല രാജ്യങ്ങളും അതിന്റെ മഹത്വവും തന്റേതാണെന്നും, തന്നെ വീണു നമസ്കരിച്ചാൽ അത് നൽകാം എന്നും കർത്താവിനോട് പറയുന്നത് ആദമിനെ പരാജയപ്പെടുത്തിയതിന്റെ പിൻബലത്തിലാണ്. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു എന്ന് എഴുതിയിരിക്കുന്നതും ഈ അർത്ഥത്തിലാണ് ( 1 യോഹന്നാൻ 5:19). അതിനാൽ മനുഷ്യനെയും മനുഷ്യന്റെ അവകാശമായ ഭൂമിയെയും പിശാചിന്റെ അധികാരത്തിൽനിന്നും മോചിപ്പിച്ച് ദൈവത്തിന്റെ അധികാരത്തിൻകീഴിൽ പുന:സ്ഥാപിക്കേണ്ടിയിരുന്നു. അതിനായിട്ടും കൂടിയാണല്ലോ യേശുകർത്താവ് ഈ ലോകത്തിൽ വന്നത്.

പിശാചിൽ നിന്നുള്ള യഥാർത്ഥ മോചനം നൽകുന്നത് കർത്താവു മാത്രമാണ്. കർത്താവു തന്റെ ശിഷ്യന്മാർക്ക് ഭൂതങ്ങളെ പുറത്താക്കുവാനുള്ള അധികാരം നൽകിയിരുന്നു ( മത്തായി 10 :1, ലൂക്കോസ് 10: 19, മർക്കോസ് 16: 17). പിശാച് ബാധിച്ചവരെ സുഖപ്പെടുത്തുന്നതു കർത്താവിന്റെ പരസ്യശുശ്രൂഷയിൽ തുടർമാനമായി നാം കാണുന്നുണ്ട്. ക്രിസ്തുശിഷ്യർ ഇന്നും ആ ശുശ്രൂഷ തുടരേണ്ടതാണ്. പിശാചിനും അവന്റെ രാജ്യത്തിനും എതിരെ പൊരുതുന്നവരാണ് ക്രിസ്തുവിന്റെ ശിഷ്യഗണം.

സാത്താന്റെ രാജ്യത്തിൽ വാഴ്ചകളും അധികാരങ്ങളും ഉണ്ട് (എഫേസ്യർ 6: 12). വാഴ്ചകളുടെയും അധികാരങ്ങളുടെയും കീഴിൽ ദുഷ്ടാത്മസേനകൾ ഉണ്ട്. ഭൂമിയിലുള്ള ഓരോ സ്ഥലങ്ങളിലും അവയുടെ വാഴ്ചകളും ഉണ്ട്. പാഴ്സി രാജ്യത്തിന്റെ പ്രഭു (ദാനിയേൽ 10: 13) എന്ന് പാർസി സാമ്രാജ്യത്തിന്റെ പിന്നിൽ വാണിരുന്ന വാഴ്ചയെ പരാമർശിച്ചിരിക്കുന്നു. ഇതുപോലെ ഓരോ രാജ്യത്തിന്റെയും പിന്നിൽ വാഴുന്ന വാഴ്ചകൾ ഉണ്ട്. രാജ്യങ്ങൾ തമ്മിൽ ശത്രുത ഉണ്ടാകാം, എന്നാൽ വാഴ്ചകൾ തമ്മിൽ ശത്രുതയില്ല. ഇവ ഒരുമിച്ചു നിന്നുകൊണ്ടാണ് മനുഷ്യരെ തമ്മിൽ തമ്മിൽ ഭിന്നിപ്പിക്കുന്നത്, എന്തുകൊണ്ടെന്നാൽ പിശാചിന്റെ ലക്ഷ്യം മനുഷ്യന്റെ ഐക്യത്തെ തകർത്തുകൊണ്ട് അവനെ നശിപ്പിക്കുക എന്നതാണ്.

ദുരാത്മാക്കൾക്കു പ്രവർത്തിക്കുവാനുള്ള അധികാരവും ശക്തിയും നൽകുന്നത് പിശാചാണ്. അവരുടെ പ്രവൃത്തികളുടെ ആകെത്തുക നശീകരണം എന്നതാണ്. 'മോഷ്ടിക്കാനും അറുക്കുവാനും മുടിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല' (യോഹന്നാൻ 10: 10) എന്ന് കർത്താവു പറഞ്ഞത് പിശാചിന്റെ കാര്യത്തിൽ ഏറ്റവും ശരിയാണ്. എല്ലാ ദുഷ്പ്രവൃത്തികളുടെയും അധാർമികതയുടെയും നശീകരണത്തിന്റെയും പിന്നിൽ ഈ അധികാരങ്ങൾ ആണ് പ്രവർത്തിക്കുന്നത്.

മാനസാന്തരപ്പെടാത്ത പാപികൾ പിശാചിന്റെ രാജ്യത്തിലെ അടിമകൾ ആണ്. ഇവർക്ക് യാതൊരു പ്രത്യാശക്കും വഴിയില്ല. പിശാചിന്റെയും ഒരുക്കപ്പെട്ടിരിക്കുന്ന അവകാശം നിത്യ നരകമാണ്. പാപികളായി പിശാചിന്റെ അടിമകളായി ജീവിക്കുന്നവർ എത്തിച്ചേരുന്നതും നിത്യ

നരകത്തിൽ ആയിരിക്കും. എന്നാൽ മാനസാന്തരപ്പെട്ട് തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചവർ അന്നുമുതൽ പിശാചിനോടും അവന്റെ വാഴ്ചകളോടും പോരാട്ടം ആരംഭിക്കുന്നു.

പൗലോസ് അപ്പോസ്തലൻ നമ്മെ ഓർപ്പിക്കുന്നു, 'നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ' (എഫേസിയർ 6: 12). ഈ പോരാട്ടം ജീവിതാവസാനം വരെ തുടരേണ്ടതാണ്. അപ്പോൾത്തന്നെ പോരാട്ടത്തെ ഭയപ്പെടേണ്ടതില്ല, കാരണം പിശാചിനെതിരെ എതിർത്തുനിന്നു അവനെ തോൽപ്പിക്കേണ്ടതിനു സർവ്വായുധവർഗം കർത്താവു നമുക്ക് നൽകിയിട്ടുണ്ട്.

സർവ്വായുധവർഗം ധരിച്ചു കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുന്നതിൽ മാത്രമാണ് നാം ശ്രദ്ധിക്കേണ്ടത്. അപ്പോൾ വിജയം ഉറപ്പാണ്, നാം വിജയിക്കുമ്പോൾ സാത്താന്റെ രാജ്യം ദുർബലപ്പെടും. ■

## 14 കൃപയുടെ കർത്തൃത്വം; നീതിയുടെ അടിമത്തം.

ജഡത്തിലുള്ള ജീവിതത്തോട് ശത്രുത്വം ആകുന്നത്? ഇങ്ങനെ സങ്കൽപ്പിക്കുക! എന്തൊക്കെയാണ് ജഡത്താൽ, അതായത് സ്വാഭാവിക ജീവനാൽ നമുക്ക് ലഭിക്കുന്ന കഴിവുകൾ? നമ്മുടെ പണം, ബുദ്ധി, കുടുംബ മഹിമ, നാം പെരുമാറ്റത്തിലൂടെയും മറ്റും നേടി എടുക്കുന്ന അംഗീകാരം, മതപരമായ പശ്ചാത്തലം, ആരോഗ്യം എന്നിവയൊക്കെ നമ്മെ ഈ ലോകത്തു നീതിമാനായി ജീവിക്കാൻ സഹായിക്കും. എന്നാൽ ദൈവീക നീതി നിവർത്തിക്കാൻ ഈ വക കാര്യങ്ങൾക്കു കഴിവില്ല എന്ന് മാത്രമല്ല, അതിനു എതിരായ ഒരു സ്വയ നീതി ഉളവാക്കാൻ ഇടയാകുകയും ചെയ്യും.

**പൗലോസിനു ന്യായപ്രമാണ പ്രകാരം നീതിമാൻ ആകാൻ എങ്ങനെ ആണ് കഴിഞ്ഞത്?**

അതെങ്ങനെയാണെന്ന് ഫിലിപ്പിയർ 3:4,5,6 വാക്യങ്ങളിൽ കാണുന്നു:

4 ൽ, പക്ഷേ എനിക്കു ജഡത്തിലും ആശ്രയിപ്പാൻ വകയുണ്ടു; മറ്റാർക്കാനും ജഡത്തിൽ ആശ്രയിക്കാം എന്നു തോന്നിയാൽ എനിക്കു അധികം;

5 ൽ, എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ; യിസ്രായേൽ ജാതിക്കാരൻ; ബെന്യമീൻ ഗോത്രക്കാരൻ; എബ്രായരിൽനിന്നു ജനിച്ച എബ്രായൻ; ന്യായപ്രമാണം സംബന്ധിച്ചു പരീശൻ,

6 ൽ, ശുഷ്കാന്തി സംബന്ധിച്ചു സഭയെ ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലെ നീതിസംബന്ധിച്ചു അനിന്ദ്യൻ.

പൗലോസ് ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ ആണെന്ന് ഇവിടെ അവകാശപ്പെടുന്നത് നമുക്ക് കാണാം. അത് എങ്ങനെയാണ് സാധിച്ചത്? അത് പൗലോസ് ജനിച്ചു വളർന്ന സാഹചര്യങ്ങൾ ആണ്.

എന്നാൽ അടുത്ത വാക്യത്തിൽ, ജഡത്താൽ ഉള്ള ഈ പുകഴ്ചകൾ തനിക്കു ഒരു കാലത്തു ലാഭമായിരുന്നു എങ്കിലും, ഇന്ന് ക്രിസ്തുവിനെ നേടേണ്ടതിനു, ദൈവനീതിക്കു അടിമ ആയതിനാൽ, ആ വക കാര്യങ്ങളെല്ലാം ചവറു എന്ന് എണ്ണി വിശ്വാസത്താൽ ഉള്ള നീതിക്കു വേണ്ടി കാത്തിരിക്കുന്നു എന്ന് പൗലോസ് പറയുന്നു.

ഫിലിപ്പിയർ 3: 7,8,9 വാക്യങ്ങളിൽ കാണുന്നു:

7 ൽ, എങ്കിലും എനിക്കു ലാഭമായിരുന്നതു ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു.

8 ൽ, അത്രയുമല്ല, എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു.

9 ൽ, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും ന്യായപ്രമാണത്തിൽനിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസംമൂലം ദൈവം വിശ്വസിക്കുന്നവർക്കു നൽകുന്ന നീതി തന്നേ ലഭിച്ചു...

അങ്ങനെ ഉന്നതമായ നീതിയുടെ വെളിപ്പാട് നമ്മെ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് രക്ഷിച്ചു നീതിയുടെ അടിമകൾ ആക്കുകയും കൃപയ്ക്കു അധീനരാക്കുകയും ചെയ്യുന്നു. ■

# ഒരു ക്രോസ് കിക്ക്

**ആ**യിരങ്ങൾ ആർത്തുവിളിച്ചു. ആവേശകരമായ ഫുട്ബോൾ മാച്ച് തകൃതിയായി അരങ്ങേറുന്നു. നിലയ്ക്കാത്ത പ്രോത്സാഹന ശബ്ദങ്ങൾ ഇരമ്പി. പന്തുമായി അതിവേഗം പലരെ വെട്ടിച്ച് പാഞ്ഞുകയറിയ ഫോർവേർഡ് വലതു വിംഗിലൂടെ മുന്നേറി എതിർ ടീമിന്റെ ഗോൾവലയത്തിനു മുന്നിലേക്ക് അവരുടെ ഇടതുകോർണറിൽ നിന്ന് മനോഹരമായി ഒരു ക്രോസ് കിക്ക്. അത് കണക്ടുചെയ്യാൻ പാകമായി നിന്ന സെന്റർഫോർവേർഡിന്റെ പാദങ്ങളിലേക്ക്. തലേരാത്രിയിലെ മഴയുടെ ബാക്കിപത്രമായ നനവിൽ കാലുതെന്നി വീണെങ്കിലും വീഴുന്നതിനിടയിൽ കൊടുത്ത ആ ക്രോസ് കിക്ക് പിഴെച്ചില്ല. അത് ഒന്നു തടുത്തു തട്ടിയിടുകയേ വേണ്ടി വന്നുള്ളൂ. സെന്റർ ഫോർവേർഡിന് പക്ഷെ അതും ചെയ്യേണ്ടിവന്നില്ല. പന്ത് അയാളുടെ കാലിൽ തട്ടി ഗോൾ വലയത്തിലേക്ക്, ആ മുന്നേറ്റത്തിന്റെ സൂത്രധാരൻ കോർട്ടിൽ വീണു കിടന്നു. നടുവൊടിഞ്ഞോ എന്നു സംശയം, എഴുന്നേൽക്കാൻ പറ്റുന്നില്ല. ആ ഗോളിനുവേണ്ടി വഴിയൊരുക്കിയതു മുഴുവൻ അയാൾ. പക്ഷെ, ഗോൾ വീണ സമയത്ത് കൈയടിച്ച് ഗോൾനേടിയ വീരനെ ജനം അഭിനന്ദിച്ചു. മറ്റു കളിക്കാർ അവനെ പൊക്കിയെടുത്തു തോളിലേറ്റി സെന്റർകോർട്ടുവരെ ആഘോഷമായി എതിരേറ്റു. അദ്ദേഹം കൈകൾ വീശി വീരനായകനെപ്പോൽ ആയിരക്കണക്കിനു ആരാധകരുടെ അനുമോദനങ്ങൾ ഏറ്റുവാങ്ങി. എന്നാൽ, ആ ഗോളിനുവേണ്ടി എല്ലാ വഴികളും തുറന്ന കളിക്കാരനെ അവർ മറന്നു. എല്ലാ കണ്ണുകളും ഗോൾ വലയത്തിലേക്കു സുന്ദരമായി ക്രോസ് ചെയ്ത പന്ത് കാലിൽ തട്ടി റിഫ്ളെക്റ്റു ചെയ്യാനിടയായ സെന്റർ ഫോർവേർഡിന്റെ നേർക്കു തിരിഞ്ഞിരിക്കുന്നു. അയാളുടെ പേരിൽ ഗോൾ കുറിക്കപ്പെട്ടു. താൻ ആരാലും ശ്രദ്ധിക്കപ്പെടാതെ നിലത്തുകിടന്നു, അവന്റെ കണ്ണുകൾ നിറഞ്ഞു. അയാൾ പവിലിയനിലേക്കു നോക്കി. രണ്ടു കണ്ണുകൾ മാത്രം അയാളെ നോക്കുന്നു. ആ കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടി. അപ്പോൾ ആ കണ്ണുകളുടെ ഉടമ വലതുകരത്തിന്റെ തള്ളവിരൽ ഉയർത്തിപ്പിടിച്ച് കൈകുലുക്കി 'വെൽഡൺ' എന്ന സന്ദേശം കൊടുത്തു. അത് ടീമിന്റെ പരിശീലകൻ ആയിരുന്നു. ആയിരങ്ങൾ അവനെ ഗൗനിച്ചില്ലെങ്കിലെന്ത്? തന്റെ പരിശീലകനാണു കളിയെപ്പറ്റി വിവരമുള്ളത്. അദ്ദേഹം അംഗീകരിച്ചെങ്കിൽ പിന്നെ എന്തു വേണം? അവൻ ഈറനണിഞ്ഞ കണ്ണുകൾ കൈകൾകൊണ്ടു തുടച്ചു, കൃതാർഥനായി . അവന്റെ വിതുമ്പൽ എങ്ങോ പോയി മറഞ്ഞു.



ലോകം അംഗീകരിക്കാതെയിരുന്നാലും നമ്മുടെ പരിശീലകനായ ദൈവം സ്വർഗത്തിൽ നിന്നു നോക്കി **"നല്ലവനും വിശ്വസ്തനുമായ ദാസനേ''** എന്ന് അഭിസംബോധന ചെയ്താൽ അതിനല്ലേ വിലയുള്ളത്? കളിയുടെ മർമം അറിയാത്തവരുടെ അഭിനന്ദനം ആർക്കുവേണം? ദൈവത്തെ അന്വേഷിക്കുന്നവനുണ്ടോ എന്നു കാണുവാൻ അവന്റെ കണ്ണ് ഭൂതലമൊക്കെയും ഊടാടി സഞ്ചരിക്കുന്നു.

നമ്മുടെ ഓരോ അവയവവും ഊനമില്ലാത്തത് (perfect in every part) ആയിത്തീരുന്ന അവസ്ഥ യാണ്. യാഗമൃഗം ഊനമില്ലാത്തത് (unblemish) ആയിരിക്കണം എന്നത് പഴയനിയമത്തിലെ തെറ്റി ക്കൂടാത്ത വ്യവസ്ഥയാണ് (ലേവ്യ 1:3). അതിന്റെ കയ്യോ കാലോ കണ്ണോ കരളോ ചെവിയോ മൂക്കോ ഒന്നും - ഒരവയവവും- കുറവുള്ളതാ കാൻ പാടില്ല.

കഷ്ടതയുടെ പരിശീലനക്കളരിയിലൂടെ കയ റിയിറങ്ങുമ്പോൾ നാം ഒരു യാഗമൃഗത്തിന്റെ പരി ശുദ്ധിയിലേക്ക് ഉയരുന്നു. നമ്മുടെ എല്ലാ അവയ വങ്ങളും - എല്ലാ ജീവിത മേഖലകളും- പരി പൂർണമായിത്തീരുന്നു. കഷ്ടത നമ്മെ പൂർണത യുള്ള പിതാവാക്കുന്നു, തികഞ്ഞ മാതാവാ ക്കുന്നു, കുറവില്ലാത്ത മകനാക്കുന്നു, മകളാ ക്കുന്നു, ധീരനായ സുവിശേഷകനാക്കുന്നു, ഉദാ ത്തനായ ഓഫീസറാക്കുന്നു, ഉത്സാഹിയായ തൊഴിലാളിയാക്കുന്നു... ജീവിതത്തിന്റെ എല്ലാ മേഖലകളിലും നാം 'സമ്പൂർണ'രായിത്തീരുന്നു.

**3. ഒന്നിനും കുറവില്ലാത്തവർ:** ഇത് യുദ്ധ ത്തിൽ ഉപയോഗിക്കുന്ന ഒരു വാക്കാണ്. ശത്രു വിനെതിരെയുള്ള പോരാട്ടത്തിൽ നിങ്ങൾക്ക് പ്രയോഗിക്കുവാൻ ആയുധമില്ലാതെ വരികയില്ല എന്നു വേണമെങ്കിൽ പറയാം. ആറുവെടി ഉതിർക്കാവുന്ന ഒരു റിവോൾവർ ഒരാളുടെ കയ്യി ലുണ്ടെന്നു വെയ്ക്കുക, പോരാട്ടത്തിൽ ശത്രു വിന്റെ കിങ്കരന്മാർ വരുമ്പോൾ ഓരോ ഉണ്ടകൾ ചെലവാക്കി അയാൾ ഓരോരുത്തരെ വീഴിക്കുന്നു. ആറുകിങ്കരന്മാർ വീണുകഴിഞ്ഞപ്പോഴാണ് യഥാർഥ ശത്രു വരുന്നതെന്നു ചിന്തിക്കുക. വെടി യുണ്ടയില്ലാത്ത തോക്കുമായി ശത്രുവിന്റെ മുമ്പിൽ നില്ക്കേണ്ടിവരുന്നത് എത്ര ഭയാനകം! എന്നാൽ യാക്കോബ് പറയുന്നത് "കഷ്ടതയുടെ പരിശീലനക്കളരിയിലൂടെ കയറിയിറങ്ങുന്നവന് ശത്രുവിനോടു പോരാടുമ്പോൾ ആയുധമില്ലാതെ വരികയില്ല എന്നാണ്"

കഷ്ടതയുടെ പരിശീലനക്കളരി ഓട്ടത്തിൽ നമ്മെ ലക്ഷ്യസ്ഥാനത്തെത്തിക്കും. ജീവിതത്തിൽ നമ്മെ സമ്പൂർണരാക്കും, പോരാട്ടത്തിൽ ശത്രു വിനെ തകർക്കുവാനുള്ള ശക്തി നല്കും. ഇനി പറയൂ, ഇത് ഒഴിവാക്കുന്നത് ബുദ്ധിയാണോ?

കഷ്ടതയെ നാം നേരിടേണ്ടത് ഒരു ദുരന്തം (disaster) എന്ന നിലയിൽ ഭാരത്തോടെയല്ല,

**കഷ്ടത നമ്മെ പൂർണതയുള്ള പിതാവാക്കുന്നു, തികഞ്ഞ മാതാ വാക്കുന്നു, കുറവില്ലാത്ത മകനാക്കു ന്നു, മകളാക്കുന്നു, ധീരനായ സുവി ശേഷകനാക്കുന്നു, ഉദാത്തനായ ഓഫീസറാക്കുന്നു,**

പ്രത്യുത ഒരവസരം എന്ന നിലയിൽ സന്തോഷ ത്തോടെയാണ്. "അശേഷം സന്തോഷം എന്ന് എണ്ണുവിൻ" (യാക്കോബ് 3:1), "സന്തോഷിച്ച് ഉല്ല സിപ്പിൻ" (മത്തായി 5:12). "തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടു കയാൽ അവർ സന്തോഷിച്ചുകൊണ്ട്... പുറപ്പെ ട്ടുപോയി" (അപ്പൊസ്തലപ്രവർത്തി. 5: 41).

ക്രിസ്ത്യാനികളെ പീഡിപ്പിച്ച റോമാക്കാർക്ക് ഏറ്റവും കൂടുതൽ അസ്വാരസ്യമുണ്ടായത് പീഡി പ്പിക്കപ്പെടുമ്പോഴും മരിക്കുമ്പോഴും അവരുടെ മുഖത്തു മായാതെ നിന്ന പുഞ്ചിരിയാണ്! ചെ ക്കോസ്ലൊവോക്യൻ രക്തസാക്ഷിയായിരുന്ന ജോൺഹസ് അഗ്നിക്കിരയാക്കപ്പെട്ടപ്പോൾ പാട്ടു പാടിക്കൊണ്ടാണ് മരിച്ചത് (He died singing) എന്നു ചരിത്രം രേഖപ്പെടുത്തുന്നു.

ചിലർ ചോദിക്കാറുണ്ട്: വിശ്വാസത്തിനുവേണ്ടി പീഡനം സഹിക്കുന്നതു മനസ്സിലാക്കാം. അല്ലാത്ത കഷ്ടങ്ങൾ ദൈവഹിതമാണോ? അതിൽ സന്തോഷിക്കണോ? തീർച്ചയായും വേണം. കാരണം, "കഷ്ടത സഹിഷ്ണുത യെയും, സഹിഷ്ണുത സിദ്ധതയെയും, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു " (റോമർ. 5: 3,4). കഷ്ടത നമ്മെ ഏത് മഹനീയ അവസ്ഥയിലേക്കു നടത്തുന്നു എന്ന തിരിച്ചറിവാണ് കഷ്ടതയിലും പ്രശംസിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്.

ദൈവം നമ്മെ പരിശോധനകളിലൂടെ നടത്തു ന്നത് ദൈവത്തിനു നമ്മിൽ വിശ്വാസമില്ലാ ഞ്ഞാണോ എന്ന് സ്വഭാവികമായും ഒരു ചോദ്യ മുണ്ടാവാം. ഒരിക്കലുമല്ല. നേരെ തിരിച്ചാണു വാസ്തവം. ദൈവം നമ്മെ പരിശോധനയിലൂടെ കടത്തിവിടുന്നത് ദൈവത്തിനു നമ്മിൽ വിശ്വാസ മുള്ളതുകൊണ്ടാണ്. ദൈവം ഇയ്യോബിനെ പരി ശോധന കഴിക്കുവാൻ സാത്താനെ അനുവദിക്കു

ന്നത് ദൈവത്തിന് ഇയ്യോബിൽ പൂർണവിശ്വാസം ഉള്ളതുകൊണ്ടാണ്. എന്നാൽ പത്രോസിനെ പരീക്ഷിക്കേണ്ടതിനു സാത്താൻ അനുവാദം ചോദിക്കുമ്പോൾ കർത്താവ് അനുവാദം കൊടുക്കാഞ്ഞത് "അവന്റെ വിശ്വാസം പൊയ്പ്പോകുമോ" എന്ന സംശയം ബാക്കിയുണ്ടായിരുന്നതിനാലാണ് (ലൂക്കൊസ്. 22: 31, 32). ഒരു പാലം പണിതിട്ട് "എത്രഭാരമുള്ള ട്രക്ക് വേണമെങ്കിലും അതിൽക്കൂടെ കയറ്റിക്കൊള്ളൂ" എന്ന് പാലം പണിത എഞ്ചിനീയർ പറയുന്നത് പാലത്തിൽ വിശ്വാസമില്ലാഞ്ഞല്ല, വിശ്വാസം കൂടുതലുള്ളതുകൊണ്ടാണ്. നമ്മുടെ വേദഭാഗത്ത് അടുത്തതായി യാക്കോബു പറയുന്നത് "നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ... ദൈവത്തോടു യാചിക്കട്ടെ" (യാക്കോബ് 1:5) എന്നാണ്.

നമുക്കു ബുദ്ധി കുറവാണെങ്കിൽ ദൈവത്തോടു യാചിച്ചാൽ ദൈവം തീർച്ചയായും നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിച്ചുതരും. അതിനു യാതൊരു സംശയവുമില്ല. എന്നാൽ, ഇവിടെ യാക്കോബ് പറയുന്നത് അങ്ങനെയുള്ള സാമാന്യ ബുദ്ധിയെപ്പറ്റിയാണോ? ഒരിക്കലുമല്ല. കാരണം, പരിശോധനകളിലൂടെയും കഷ്ടങ്ങളിലൂടെയും കടന്നുപോകുമ്പോൾ അത് യാദൃശ്ചികമല്ലെന്നും, ദൈവം നിത്യതയ്ക്കായി നമ്മെ പരിശീലിപ്പിക്കുകയാണെന്നും പറഞ്ഞതിനു ശേഷമാണ് യാക്കോബ് "ജ്ഞാന"ത്തെക്കുറിച്ച് പറയുന്നത്. അതായത്, നാം പ്രതികൂല അവസ്ഥയിലൂടെ കടന്നുപോകുമ്പോൾ അത് എപ്രകാരം നമ്മുടെ നിത്യതയുടെ പരിശീലനമാകുന്നു എന്നും എങ്ങനെ അതിനോടു പ്രതികരിക്കണമെന്നുമുള്ള ജ്ഞാനം നമുക്കു കുറവാണെങ്കിൽ ആ ജ്ഞാനത്തിനായി ദൈവസന്നിധിയിലേക്കു ചെല്ലുക. "കർത്താവേ, ഈ സാഹചര്യം നീ എനിക്ക് തന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല, ഈ പ്രതികൂല സാഹചര്യത്തോട് ദൈവികമായി എങ്ങനെ പ്രതികരിക്കണമെന്നും ഞാനറിയുന്നില്ല" എന്നു ദൈവത്തോടു പറക. ദൈവത്തോട് ചോദ്യം ചോദിച്ചു എന്നു വെച്ച് അവിടുന്നു നിങ്ങളെ ഭത്സിക്കുകയൊന്നും ഇല്ല. അവിടുന്ന് ഔദാര്യമായി നിങ്ങളോട് സംസാരിക്കും. പരിശോധനകളെ എങ്ങനെ ക്രിയാത്മകമാക്കാമെന്നു, കഷ്ടതയെ എങ്ങനെ തേജസ്സിന്റെ അസംസ്കൃതവസ്തുവാക്കാമെന്ന് അവിടുന്നു നിങ്ങളെ പഠിപ്പിച്ചുതരും (യാക്കോബ് 1. 4).

നമ്മുടെ വിശ്വാസപാതയിൽ, വഴിയിൽ ഒരു

**നങ്കൂരത്തിന്റെ വിലയറിയാൻ ഒരു കൊടുങ്കാറ്റ് ഉണ്ടായാലേ പറ്റൂ. പ്രതികൂല കൊടുങ്കാറ്റിൽ തകർന്നുപോകാതെ ദൈവം നങ്കൂരമായി നിലകൊള്ളുന്നു. എല്ലാറ്റിലുമുപരി ദൈവം പ്രതികൂലങ്ങളെ പരിശീലനക്കളരിയാക്കുന്നു.**

ചെറിയ വ്യതിചലനമുണ്ടായാൽ മതി, ദൈവം നമ്മെ അവന്റെ പരിശീലനക്കളരിയിലൂടെ യഥാസ്ഥാനപ്പെടുത്തും. ചിലപ്പോൾ നമ്മുടെ സമൃദ്ധിയുടെ കാലത്ത് നമ്മുടെ 'ആശ്രയം' ദൈവത്തിൽ നിന്നു മാറി മറ്റെന്തെങ്കിലുമൊന്നിലോ, മറ്റാരിലെങ്കിലുമോ ആയിപ്പോകാം. അപ്പോൾ ദൈവം നമ്മെ കഷ്ടതയുടെ നിസ്സഹായതയിലേക്ക് തള്ളിയിടുന്നു. ആശ്രയിക്കേണ്ടത് ദൈവത്തിൽ മാത്രമെന്ന് നാം തിരിച്ചറിയുംവരെ ആ കഷ്ടത നീണ്ടെന്നിരിക്കും. എന്നാൽ നിരാശയുടെ പടുകുഴിയിൽ നാം വീണു തകർന്നുപോകില്ല. അതിനു മുമ്പ് അവിടുന്ന് പറന്നിറങ്ങി നമ്മെ അവന്റെ ചിറകുകളിൽ താങ്ങിയെടുക്കും. നങ്കൂരത്തിന്റെ വിലയറിയാൻ ഒരു കൊടുങ്കാറ്റ് ഉണ്ടായാലേ പറ്റൂ. പ്രതികൂല കൊടുങ്കാറ്റിൽ തകർന്നുപോകാതെ ദൈവം നങ്കൂരമായി നിലകൊള്ളുന്നു. എല്ലാറ്റിലുമുപരി ദൈവം പ്രതികൂലങ്ങളെ പരിശീലനക്കളരിയാക്കുന്നു. കൂടുതൽ ഉത്തരവാദിത്വപ്പെട്ട ജോലി ചെയ്യാൻ കൂടുതൽ പരിശീലനം ആവശ്യമാണ്...

എന്നാൽ പരിശീലനത്തിൽ ദൈവം എന്താണ് ലക്ഷ്യമാക്കിയിരിക്കുന്നത് എന്നറിയാൻ ദൈവത്തോടു ചോദിക്കുമ്പോൾ സംശയിക്കാതെ ചോദിക്കണം (യാക്കോബ് 1:6).

ഇവിടെ സംശയം എന്നാൽ "ഇരുമനസ്സ്" (യാക്കോബ് 1: 8) ആണ്. അതായത്, പ്രതിസന്ധികളിൽ "എന്താണ് ദൈവമേ ഞാൻ ചെയ്യേണ്ടത്, എന്തു പാഠമാണ് ഞാൻ പഠിക്കേണ്ടത്" എന്നു ചോദിക്കുന്നവർ ദൈവം അതു വെളിപ്പെടുത്തിയാൽ അനുസരിക്കാൻ പൂർണമനസ്സുള്ളവരായിരിക്കണം. അനുസരിക്കാൻ മനസ്സില്ലാത്തവൻ – ഇരുമനസ്സുള്ളവൻ– കർത്താവിങ്കൽ നിന്ന് ആലോചന ലഭിക്കും എന്നു പ്രതീക്ഷിക്കേണ്ടതില്ല (യാക്കോബ് 1:7). ■

# കഷ്ടങ്ങളിലെ ആശ്വാസം

പ്രസിദ്ധ ഗാനരചയിതാവും, ഗായകനുമായ ബീഥോവനെ(1770 - 1827) കുറിച്ച് ഫിലിപ്പ് യാങ്കി ഉദ്ധരിച്ചിട്ടുള്ള ഒരു കഥയുണ്ട്. മുപ്പതാം വയസ്സിൽ ബധിരനായ ബീഥോവന് മറ്റുള്ളവരോടുള്ള സംഭാഷണം പല സന്ദർഭങ്ങളിലും ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. ചിലപ്പോഴൊക്കെ മറ്റുള്ളവരുടെ മുൻപിൽ അപമാനിക്കപ്പെടുകപോലും ചെയ്തു.

അങ്ങനെയിരിക്കെ ഒരു സ്നേഹിതന്റെ മകന്റെ പെട്ടെന്നുള്ള മരണവർത്തയറിഞ്ഞ ബീഥോവൻ സുഹൃത്തിന്റെ ഭവനത്തിലെത്തി. മകന്റെ അകാലവേർപാടിൽ ദു:ഖിക്കുന്ന സ്നേഹിതനെ കണ്ടു, അദ്ദേഹവും ഏറെ വേദനിച്ചു. കഠിനമായനൊമ്പരം അനുഭവിക്കുന്ന കൂട്ടുകാരനെ എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയാതെ ബീഥോവൻ വിഷമിച്ചു. പെട്ടെന്ന് മുറിയിലിരുന്ന പിയാനോ എടുത്തു അരമണിക്കൂർ തന്റെ ഉള്ളിലെ ദു:ഖം പിയാനോയിലൂടെ വായിച്ചു. വായന കഴിഞ്ഞപ്പോൾ ഒന്നും ഉരിയാടാതെ സ്നേഹിതന്റെ ഭവനത്തിൽ നിന്ന് മടങ്ങി. പുത്രൻ നഷ്ടപ്പെട്ട ആ വ്യക്തി പിന്നീട് പറഞ്ഞത്, എന്റെ ദുരിതത്തിൽ എന്നെ സന്ദർശിക്കുവാൻ പലരും വന്നു. എന്നാൽ ബീഥോവന്റെ സന്ദർശനമായിരുന്നു എനിക്ക് മറ്റാരുടേതിനേക്കാളും ആശ്വാസമായത് .

കഷ്ടതയും വൈകല്യവുമൊക്കെ മനുഷ്യരിൽ സ്വാഭാവികമാണെങ്കിലും ചിലർക്ക് മാത്രമേ അതിനെ മറ്റുള്ളവരുടെ സാന്ത്വനത്തിനായി രൂപപ്പെടുത്തുവാൻ കഴിയൂ. ദുരിതങ്ങളിലൂടെ കടന്നുപോകുമ്പോൾ ലഭിക്കുന്ന ആശ്വാസം മറ്റുള്ളവർക്ക് കൂടി പകർന്നുകൊടുക്കുവാനുള്ള ദൈവോദ്ദേശ്യമായിട്ടാണ് പൗലോസ് അപ്പോസ്തലൻ പരാമർശിക്കുന്നത്. നമ്മുടെ സർവ ദുരിതങ്ങളിലും അവൻ നമ്മെ സമാശ്വസിപ്പിക്കുന്നു. അതുവഴി ദൈവം നമുക്കു നൽകിയ സമാശ്വാസത്താൽ മറ്റെല്ലാവരെയും അവരുടെ ദുരിതത്തിൽ സമാശ്വസിപ്പിക്കുവാൻ നാം പ്രാപ്തരാകുന്നു (2 കൊരിന്ത്യർ 1:4). പൗലോസ് കഷ്ടമനുഭവിക്കുന്നതു കൊരിന്തിലെ വിശ്വാസികളുടെ ആശ്വാസത്തിനും രക്ഷയ്ക്കും വേണ്ടിയാണെന്നുള്ള പൗലോസിന്റെ കണ്ടെത്തൽ സഹനത്തിനു ഒരു പുതിയ മാനം നൽകുന്നു. യഥാർത്ഥത്തിൽ ക്രിസ്തുവിനുവേണ്ടി അനുഭവിക്കുന്ന ദുരിതങ്ങളാണ് സമാശ്വാസ ശുശ്രൂഷയുടെ ചാലകശക്തി എന്നുള്ള അവബോധം ഉണ്ടാകുമ്പോൾ കഷ്ടങ്ങളിൽ സന്തോഷിക്കുവാൻ കഴിയുമെന്നാണ് വചനം നമ്മെ ഉത്ബോധിപ്പിക്കുന്നത്.

**എംസി**

*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

*നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....*

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.02.2021

NERVEEDHI - FEBRUARY 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

# ആർ.പി പബ്ലിക്കേഷൻസിൽനിന്നും




വെയിലാറുന്ന നേരത്ത് ചില മിനിറ്റുകൾ
തീരത്തുവന്നിരുന്നശേഷം മടങ്ങിപ്പോകുന്ന
ഒരു സന്ദർശകനെപ്പോലെയല്ല
ആഴിപ്പരപ്പിലൂടെ പടകിലേറി
വല വീശി നീങ്ങുന്ന മുക്കുവൻ,
അയാൾ പലനാഴിക തുഴഞ്ഞു നീങ്ങുമ്പോൾ
ആഴങ്ങളിൽ നിന്നുള്ള മത്സ്യസമ്പത്തിനാൽ
തന്റെ പടകുനിറയ്ക്കുകയാണ്.
കുറെക്കൂടെ ആഴങ്ങളിൽ തെരയുന്നവർക്ക്
ലഭിക്കന്നത് വിലതീരാത്ത
മുത്തുകളായിരിക്കും.
ആഴിപ്പരപ്പിന്റെ ആകർഷണത്തേക്കാൾ
എത്രയോശ്രേഷ്ഠമാണ്
അതിന്റെ ആഴങ്ങളിലെ നിധി.

കെ.വി. രാജു (Late)




**സന്തുഷ്ട കുടുംബ ജീവിതത്തിനൊരു മാർഗ്ഗരേഖ**

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.